# ക്രിസ്ത്യൻ വേൾഡ്


Christian world

ക്രൈസ്തവ മാധ്യമം

2018 ആഗസ്റ്റ് 1 | വാല്യം 13 | ലക്കം 8 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2018-2020 | പേജ് 8




കെ.സി. ജോൺ



വിജു തോമസ്



ബിജു ജോർജ്ജ്



ഫ്രാങ്ക്ളിൻ ഏബ്രഹാം



കുര്യൻ സഖറിയ

# 2019 പി.സി.എൻ.എ.കെ മയാമിയിൽ;

## റവ. കെ. സി. ജോൺ ദേശീയ കൺവീനർ; വിജു തോമസ് ദേശിയ സെക്രട്ടറി

നിബു വെള്ളവന്താനം

**ഫ്ളോറിഡ:** 2019 ജൂലൈയിൽ ഫ്ളോറിഡയിലെ മയാമിയിൽ നടക്കുന്ന പി.സി.എൻ.എ.കെ 37 മത് പെന്തക്കോസ്തൽ കോൺഫ്രൻസ് ജൂലൈ 4–7 വരെ മയാമി എയർപോർട്ട് കൺവൻഷൻ സെന്ററിനോടനുബന്ധിച്ചുള്ള ഡബിൾ ട്രീ ഹിൽട്ടൺ ഹോട്ടൽ സമുച്ചയത്തിൽ നടക്കും. ബോസ്റ്റൺ സ്പ്രിങ്ങ്ഫീൽഡിൽ നടന്ന 36–മത് സമ്മേളനത്തിൽ നാഷണൽ കമ്മറ്റിയെ തിരഞ്ഞെടുത്തു.

പാസ്റ്റർ കെ.സി. ജോൺ (ഫ്ളോറിഡ) നാഷണൽ കൺവീനർ, വിജു തോമസ് (ഡാളസ്) നാഷണൽ സെക്രട്ടറി, ബിജു ജോർജ്ജ് (കാനഡ) നാഷണൽ ട്രഷറർ, ഇവാ. ഫ്രാങ്ക്ളിൻ ഏബ്രഹാം (ഫ്ളോറിഡ) നാഷണൽ യൂത്ത് കോർഡിനേറ്റർ എന്നിവരടങ്ങുന്നതാണു പുതിയ സമിതി. നാഷണൽ മീഡിയ കോർഡിനേറ്ററായി കുര്യൻ സഖറിയ (ഒക്കലഹോമ)യെയും തിരെഞ്ഞെടുത്തു.

ദേശിയ സമിതി അംഗങ്ങളായി അനു മാത്യു (അരിസോണ), ഫിൽസൺ തോമസ് (കണക്റ്റിക്കട്ട്), സ്റ്റാൻലി കൊട്ടയാടിയിൽ (ജോർജ്ജിയ), സാം വർഗ്ഗീസ് (വാൻകൂവർ), സാജൻ തോമസ് (സൗത്ത് ഫ്ളോറിഡ), ഡോ. വിജി തോമസ് (മിഷിഗൺ), പാസ്റ്റർ ജോർജ്ജ് പി. ചാക്കോ, സാബി കോശി (ന്യൂയോർക്ക്), ജോൺസൺ ഉമ്മൻ (ഇല്ലിനോയിസ്), അലക്സ് ഇടിക്കുള (നോർത്ത് കരോളിന), പാസ്റ്റർ സ്റ്റാൻലി ജോസഫ് (ന്യൂജേഴ്സി), സ്റ്റാൻലി സെഖറിയ (ഒഹായോ), കുര്യൻ സഖറിയാ (ഒക്കലഹോമ), സാം കുരുവിള (പെൻസിൽവേനിയ), പാസ്റ്റർ സാംകുട്ടി വർഗ്ഗീസ് (ടെന്നസി), പാസ്റ്റർ മാത്യു കെ. ഫിലിപ്പ് (ഹ്യൂസ്റ്റൺ), പാസ്റ്റർ ബെൻ ജോൺസ് (സൗത്ത് കരോളിന), ഷിബു വർഗ്ഗീസ് (വെർജീനിയ), പാസ്റ്റർ ഫിന്നി ബെഞ്ചമിൻ വർഗ്ഗീസ് (ഡെലവെയർ) എന്നിവരാണ് സംസ്ഥാന പ്രതിനിധികൾ.

നാഷണൽ കൺവീനർ ആയി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ. സി. ജോൺ സുവിശേഷ പ്രവർത്തനങ്ങൾക്കായി തിരുവല്ല കവിയൂരിൽ നിന്നും കന്യാകുമാരിയിലേക്ക് കുടിയേറി പാർത്ത കവിയൂർ കാതേട്ട് ചെറിയാൻ ഉപദേശി മറിയാമ്മ ദമ്പതികളുടെ മകനാണ്. മാർത്താണ്ഡം ക്രിസ്ത്യൻ കോളേജിലെ പഠനാനന്തരം കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളേജിലും ദൈവവചനപഠനം നടത്തി. പരേതനായ പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ ഒപ്പം താമസിച്ച് ശുശ്രൂഷകളിൽ പരിശീലനം ലഭിച്ചശേഷം മുപ്പത്തഞ്ച് വർഷമായി അമേരിക്കയിൽ കുടുംബത്തോടൊപ്പം താമസിച്ച്, ഒക്കലഹോമ സിറ്റി, സൗത്ത് ഫ്ളോറിഡ എന്നിവടങ്ങളിലെ ഐ. പി. സി. സഭകളിൽ ശുശ്രൂഷയിലായിരുന്നു. ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ അംഗമായിരുന്നു. നിലവിൽ ജനറൽ കൗൺസിൽ പ്രസ്ബിറ്ററിയംഗമായ അദ്ദേഹം പെന്തെക്കോസ്തൽ കോൺഫ്രൻസിന്റെ വിവിധ

(ശേഷം പേജ് 6)




## നോർത്തമേരിക്കൻ ദൈവസഭകളുടെ ദേശീയസമ്മേളനം സമാപിച്ചു

**ഒക്കലഹോമ:** ഇരുപത്തിമൂന്നാമത് നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് ഫെലോഷിപ്പ് ദേശീയസമ്മേളനം ജൂലൈ 19–22 വരെ മിഡ്വെസ്റ്റ് സിറ്റിയിലുള്ള ഷെറാട്ടൺ ഹോട്ടലിൽ നടന്നു. ഇവ. സാജു ജോൺ മാത്യു, പാസ്റ്റർമാരായ പി.സി. ചെറിയാൻ, ബെഞ്ചി മാത്യു, വി.ഓ. വർഗീസ്, റെജി ശാസ്താംകോട്ട, ജോയൽ തലേ, സിസ്റ്റർ സാറ ജോർജ് എന്നിവരെ കൂടാതെ അനേക ദൈവദാസന്മാർ വിവിധ സമയങ്ങളിൽ ശുശ്രുഷിച്ചു.

ഇവാ. സാംസൺ ചെങ്ങന്നൂർ ഉൾപ്പെടെ വിവിധ ടീമുകൾ സംഗീതശുശ്രുഷ നിർവഹിച്ചു. കൺവീനർ റവ. ജെയിംസ് റിച്ചാർഡ് നേതൃത്വം നൽകി. റവ. ഫിജോയ് ജോൺസൻ (വൈസ് പ്രസിഡന്റ്), വിജു തോമസ് (സെക്രട്ടറി), ഡേവിഡ് കുരുവിള (ട്രഷറർ), റവ. ബെഞ്ചമിൻ വർഗീസ് (യൂത്ത്) എന്നിവരടങ്ങിയ കമ്മറ്റിയോടൊപ്പം നാഷണൽ ലോക്കൽ ടീം സമ്മേളനത്തിന്റെ വിവിധ ക്രമീകരണങ്ങൾ ചെയ്തു. സഹോദരിമാരായ അമ്മിണി മാത്യു, ലാലി സാംകുട്ടി, സൂസൻ ബിജോൺ, ഷൈനി ചാർളി, കുഞ്ഞുമോൾ മാത്യു, സാലി ബെഞ്ചമിൻ എന്നിവർ ലേഡീസ് മിനിസ്ടറിയുടെ ചുമതല വഹിച്ചു.



പെൻസൽവേനിയ ഇന്ത്യാനാ യൂണിവേഴ്സിറ്റിയിലെ കോവൽചിക്ക് കൺവൻഷൻ സെന്ററിൽ നടന്ന നൂ ടെസ്റ്റ്മെന്റ് ചർച്ച് യു.എസ്. രാജ്യാന്തര കൺവൻഷനിൽ പങ്കെടുത്ത വിശ്വാസ സമൂഹം.

## കൊടുങ്ങല്ലൂർ സംഭവം: പാസ്റ്റർമാരെ ആക്രമിച്ച കേസിൽ മുൻകൂർ ജാമ്യാപേക്ഷ തള്ളി



**തൃശൂർ:** കൊടുങ്ങല്ലൂരിൽ പാസ്റ്റർമാരെ ആക്രമിക്കുകയും ലഘുലേഖകൾ കീറിക്കളയുകയും ചെയ്ത സംഭവത്തിൽ ഹിന്ദു ഹെൽപ് ലൈൻ നേതാവിന്റെ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളി.

എടവിലങ്ങ് പള്ളിപറമ്പിൽ ഗോപിനാഥന്റെ ജാമ്യാപേക്ഷയാണ് സെഷൻസ് കോടതി തള്ളിയത്.

കൊടുങ്ങല്ലൂരിൽ കഴിഞ്ഞ മാസം ആറിനായിരുന്നു കേസിനാസ്പദമായ സംഭവം. സുവിശേഷ പ്രവർത്തനത്തിനെത്തിയ മൂന്നു പാസ്റ്റർമാരെ ഗോപിനാഥനും കൂട്ടുപ്രതിയും ചേർന്നു മർദ്ദിച്ചെന്നും ലഘുലേഖകൾ പാസ്റ്റർമാരെക്കൊണ്ടു തന്നെ കീറിപ്പിച്ചെന്നുമാണ് പരാതി. ദൃശ്യങ്ങൾ മൊബൈൽ ഫോണിൽ പകർത്തി സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു.

## ദി പെന്തെക്കോസ്ത് മിഷൻ യുഎസ് (ന്യൂ ടെസ്റ്റ്മെന്റ് ചർച്ച്) രാജ്യാന്തര കൺവൻഷൻ സമാപിച്ചു

**ന്യൂജേഴ്സി:** ക്രൈസ്തവ വിശ്വാസികൾ ധനവാനാകാൻ നോക്കാതെ സമാധാനത്തിന്റെ നായകനായ യേശുക്രിസ്തുവിന്റെ പാത പിന്തുടർന്ന് നിത്യതയ്ക്കായി ഒരുങ്ങണമെന്ന് ചീഫ് പാസ്റ്റർ എൻ. സ്റ്റീഫൻ പറഞ്ഞു. ജൂലൈ 11 മുതൽ അമേരിക്കയിലെ പെൻസൽവേനിയ ഇന്ത്യാനാ യൂണിവേഴ്സിറ്റിയിലെ കോവിൽ ചിക്ക് കൺവെൻഷൻ സെന്ററിൽ നടന്ന് വന്ന ദി പെന്തെക്കോസ്ത് മിഷൻ സഭയുടെ അമേരിക്കയിലെ രാജ്യാന്തര കൺവൻഷന്റെ സമാപനദിന സംയുക്ത ആരാധനയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവാത്മാവിന്റെ പ്രവർത്തനം ഉണ്ടെങ്കിൽ മാത്രമെ ജീവിതത്തിൽ രൂപാന്തരം ലഭിക്കൂ എന്നും അദ്ദേഹം പറഞ്ഞു. പാസ്റ്റർ ഗേഗൻ (കാനഡ) പ്രാർഥിച്ച് ആരംഭിച്ച കൺവൻഷനിൽ ഡപ്യൂട്ടി ചീഫ് പാസ്റ്റർ ഏബ്രഹാം മാത്യു, പാസ്റ്റർമാരായ ഗ്രിഗ് വിൽസൺ, ജോൺ മുസ, ഐഡാവൊ, ഗേഹൻ, കാർലാൻഡ് എന്നിവരും വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. കൺവൻഷനിൽ സുവിശേഷയോഗം, ഗാനശുശ്രൂഷ, യുവജനങ്ങൾക്കായി പ്രത്യേക സെമിനാർ, ഉണർവുയോഗം, രോഗശാന്തി ശുശ്രൂഷ, പൊതുയോഗം, ജലസ്നാന ശുശ്രൂഷ എന്നിവ ഉണ്ടായിരുന്നു.

സമാപന ദിവസം സംയുക്ത ആരാധനയിൽ ന്യൂയാർക്ക്, ചിക്കാഗോ, ഡാളസ്, ഹൂസ്റ്റൻ, ഒർലാന്റോ,

(ശേഷം പേജ് 7)

ക്രിസ്ത്യൻ വേൾഡ്
1193 കർക്കടകം - ചിങ്ങം

## എന്തും വിളിച്ചു പറയാമോ?

ജീവിക്കാൻവേണ്ടി, അവളുടെ പഠനത്തിനുവേണ്ടി അത്യധ്വാനം ചെയ്ത ഒരു പെൺകുട്ടിയെ സമൂഹമാധ്യമങ്ങളിലൂടെ വളരെ നീചമായ നിലയിൽ അവഹേളിക്കുന്ന കമന്റുകൾ നാം കഴിഞ്ഞ ദിവസങ്ങളിൽ കണ്ടു. ഇന്നു ആർക്കും ആരെയും എപ്പോൾ വേണമെങ്കിലും എന്തുംപറയാമെന്ന വിധത്തിലേക്കു ലോകം പുരോഗമിച്ചുകഴിഞ്ഞു. ഇതു കണ്ടും കേട്ടും വളരുന്ന പുതിയ ഒരു തലമുറ! എന്താണ് നീതി, ധർമ്മം എന്നു മനസ്സിലാക്കാൻ കഴിയാത്ത ഒരു തലമുറയാണോ ഇതെന്നു സന്ദേഹിച്ചുപോകുന്നു.

ഇതേ ഒഴുക്കിൽതന്നെ നമ്മുടെ വിശ്വാസലോകവും പായുകയാണ്. ആര് എന്ത് എവിടെ പറഞ്ഞാലും അത് അപ്പോൾ തന്നെ പോസ്റ്റു ചെയ്യുന്നവർ! അതു വേണ്ടതാണോ, മറ്റുള്ളവർക്ക് ഉപകരിക്കുന്നതാണോ, അതോ ദോഷം വരുത്തുന്നതാണോ എന്നുപോലും ചിന്തിക്കാതെ കിട്ടിയ ഉടനെ പോസ്റ്റുചെയ്യുന്നവർ. ഇങ്ങനെയുള്ളവർ ദുരുപദേശം പരത്തുന്നവരും പകയും വിദ്വേഷവും വിതയ്ക്കുന്നവരുമായിത്തീരുന്നു. വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടുകൾ എന്ന നിലയിലേക്കു കാര്യങ്ങൾ പോകുന്നു. സമൂഹത്തിലെ മൂല്യച്യുതികൂടെയാണ് ഇതു കാണിക്കുന്നത്.

ഇങ്ങനെയുള്ള സ്ഥിതിയിൽ യുവതലമുറയ്ക്ക് ശരിയായ ദിശാബോധം നൽകുവാൻ സഭാ-സംഘടനാ നേതാക്കൾക്ക് കഴിയണം. അങ്ങനമാത്രമേ കാര്യപ്രാപ്തിയുള്ള, നീതിബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയൂ. അതിൽ ഏറ്റവും പ്രധാന റോൾ മാതാപിതാക്കൾക്കു തന്നെയാണ്. ചെറുപ്പം മുതൽ അവർക്കു വേണ്ട നിർദ്ദേശങ്ങളും ശിക്ഷണങ്ങളും നൽകിത്തന്നെ അവരെ വളർത്തണം. പെന്തെക്കോസ്തു ആരാധനാലയങ്ങളിൽ കുഞ്ഞുങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ഓടി നടക്കുന്ന കാഴ്ച പലയിടത്തും കാണാറുണ്ട്. അതുപോലെ ഭക്ഷണസാധനങ്ങൾ കൊണ്ടുവന്നു ആരാധനാലയിൽവെച്ച് നൽകുന്നവരുണ്ട്. എന്താണ് ഇതിനു കാരണം? നമുക്കു ദൈവത്തോടുള്ള ഭക്തിയുടെ കുറവുതന്നെ. ഈ സ്ഥലം അങ്ങനെ ഓടിനടക്കാനുള്ളതല്ല എന്നുള്ള അറിവ് കുഞ്ഞുങ്ങൾക്ക് നൽകണം. അങ്ങനെ കുഞ്ഞുങ്ങൾ ചെയ്താൽ അവർക്കു നല്ല ശിക്ഷ കൊടുക്കണം. ഭക്ഷണ-പാനീയങ്ങൾ നൽകാനുള്ള ഇടമല്ല ആരാധനാലയമെന്ന ബോധം മാതാപിതാക്കൾക്കുമുണ്ടാകണം. ആരാധനാലയത്തിനു അതിന്റേതായ പവിത്രത കല്പിച്ചുകൊടുക്കണം. നാം ഓരോരുത്തരുമാണ് വിശുദ്ധമന്ദിരം എന്നു പഠിപ്പിക്കുന്നതുമൂലമാണ് ആരാധനാഹോളുകൾക്ക് ഇങ്ങനെ ഒരവസ്ഥ വരുന്നത്. തീർച്ചയായും നമ്മിലാണ് കർത്താവ് വസിക്കുന്നത്. എന്നാൽ, നാം ആരാധിക്കുന്ന സ്ഥലത്തിനും അതിന്റേതായ പ്രാധാന്യതയുണ്ട്. അത് ആരും തള്ളിക്കളയരുത്.

നമ്മുടെ കുഞ്ഞുങ്ങൾ നല്ല മൂല്യബോധമുള്ളവരായി വളരട്ടെ. പ്രായത്തിൽ മൂത്തവരെ ബഹുമാനിക്കുന്നവരും മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരെന്നു എണ്ണുന്നവരുമാകട്ടെ. ദൈവസഭയ്ക്ക്, സമൂഹത്തിനു ഒരു വിളക്കായി അവർ മാറട്ടെ. പിതാക്കന്മാർ ഇട്ട അതിരുകൾ ലംഘിക്കാതെ കർത്താവും അപ്പൊസ്തലന്മാരും എന്തു പഠിപ്പിച്ചുവോ അതനുസരിച്ച് ജീവിക്കുവാൻ അവരെ പ്രാപ്തരാക്കാം. കർത്താവിന്റെ വരവിൽ അവനെ എതിരേൽപാനായി തലമുറയെ ഒരുക്കാം. വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ, കർത്താവ് വരാറായി.

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കു മാത്രമാണ്.

# വശീകരിക്കാനുള്ള ശ്രമങ്ങൾ



റവ. ഡോ. ഇട്ടി ഏബ്രഹാം

നെബുഖദ്നേസർ രാജാവ് യഹൂദ ബാലന്മാരെ കൽദയ സംസ്കാരവും മതവും പരിശീലിപ്പിക്കുവാനുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കി. സാംസ്കാരിക വിദ്യാഭ്യാസം എന്നതിലുപരി മസ്തിഷ്ക പ്രക്ഷാളന (brain wash) പ്രക്രിയയിലൂടെ ബാലന്മാരെ പരിശീലിപ്പിച്ചു. പുറമെ യഹൂദന്മാരായും അകമേ കൽദയരായും നിലനിർത്തി. ഇത്തരക്കാരെ ഇന്നും നമുക്ക് കാണാൻ കഴിയും. ചിലർ പുറമെ ക്രിസ്ത്യാനികളും അകമേ കൽദയരുമാണ്.

യഹൂദ ബാലന്മാരുടെ ഭക്ഷണശീലത്തെയും രാജാവ് മാറ്റി. പഴയ ശീലങ്ങളിലേക്കു പോകാതിരിക്കാൻ രാജാവ് പതിവു ശീലത്തെ തിരുത്തി. ബാലന്മാരുടെ പേരുമാറ്റത്തിലും രാജാവിന് ഗൂഢലക്ഷ്യമുണ്ടായിരുന്നു. ദാനിയേൽ എന്ന വാക്കിനർത്ഥം ദൈവം എന്റെ ന്യായാധിപതി എന്നത് ബേൽശെസർ എന്നാക്കി. അതിനർത്ഥം 'ബാലിന്റെ നിധിശേഖരത്തിന്റെ കാവലാൾ' എന്നാണ്. ഹനാനി എന്നതിനർത്ഥം 'യഹോവ കൃപാലു'. ഷദ്രക് എന്ന പുനർനാമത്തിലൂടെ ചന്ദ്രദേവന്റെ സേനാനായകത്വം എന്നാക്കി. മിശായേൽ എന്നതിനർത്ഥം 'ദൈവത്തെപ്പോലെ'. പുനർനാമം ചെയ്ത മേശക്കിനർത്ഥം ഷാക്ദേവത എന്നാക്കി. അസറിയ എന്ന പേരിനർത്ഥം 'യഹോവ എന്റെ സഹായകൻ'.

**വിശുദ്ധ ജീവിതത്തിൽ ദാനിയേൽ ഉറച്ചുനിന്നു. നെബൂഖദ്നേസർ രാജാവിന്റെ ഉയർന്ന ഉദ്യോഗസ്ഥരുടെ ജീവിതം സൂക്ഷ്മ നിരീക്ഷണത്തിനു വിധേയമായിരുന്നു. എന്നാൽ ദാനിയേലിന്റെ ജീവിതത്തിൽ ഒരു കുറ്റവും ആർക്കും കണ്ടെത്താനായില്ല.**

പുനർനാമകരണം ചെയ്ത അബേദ്നഗോ എന്നതിനർത്ഥം 'അഗ്നിദേവൻ' എന്നത്രെ!

അവരുടെ പൈതൃകവും ജീവിതശൈലിയും യഹൂദ പാരമ്പര്യങ്ങളും ഉപേക്ഷിച്ച് കൽദയ സംസ്കാരത്തിലേക്ക് വശീകരിക്കപ്പെടാനുള്ള എല്ലാ ഗൂഢതന്ത്രങ്ങളും രാജാവ് പരീക്ഷിച്ചു. യഹൂദ ഭക്ഷണശീലങ്ങളെ ഉപേക്ഷിച്ച് രാജകീയമെങ്കിലും യഹൂദന് നിഷിദ്ധമായ കൽദയ ഭക്ഷണം ശീലിക്കുവാൻ അവരെ പ്രേരിപ്പിച്ചു. എന്നാൽ ദാനിയേലും കൂട്ടരും പ്രലോഭനങ്ങളിൽ കെണിപ്പെട്ടിട്ടില്ല. പഴയനിയമത്തിൽ പുതിയൊരു പേര് സ്വീകരിക്കുന്നത് നിരോധിച്ചിട്ടില്ല. മോശയും യോസേഫും യഹൂദേതര സംസ്കാരത്തിൽ വളർന്നവരായിരുന്നു. എന്നാൽ വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണങ്ങൾ കഴിക്കരുതെന്ന് ശക്തമായി കല്പിച്ചിട്ടുണ്ട്. ഇതൊക്കെ തെറ്റെന്ന് ദൈവം വ്യക്തമാക്കിയിട്ടുള്ള സംഗതികളാണ് സദാചാര വിരുദ്ധ പ്രവൃത്തികൾ, വ്യഭിചാരം എന്നിവ തെറ്റാണ്. സ്വവർഗ്ഗഭോഗം പാപമാണ്. പരസംഗം തെറ്റാണ്. ദാനിയേലിന്റെ മാതൃക പിൻപറ്റിക്കൊണ്ട് നമുക്ക് പറയാം ഞാനൊരിക്കലും എന്നെത്തന്നെ അശുദ്ധനാക്കുകയില്ലായെന്ന്. കാരണം, ദൈവം പറഞ്ഞു അരുതെന്ന്.

**ദാനിയേലിന്റെ ഉറച്ച മനോഭാവം**

ദാനിയേൽ പ്രവചനത്തിന്റെ ആദ്യത്തെ ആറ് അദ്ധ്യായങ്ങൾ ചരിത്രമാണ്. 7 മുതൽ 12 വരെ പ്രവചനങ്ങൾ. ദാനിയേൽ കണ്ട നാല് പ്രധാനപ്പെട്ട സ്വപ്നങ്ങൾ ഏകദേശം 22 വർഷത്തെ കാലയളവിനുള്ളിൽ സംഭവിച്ചതാണ്.

ദാനിയേലിന്റെ വ്യക്തിമഹാത്മ്യത്തിന് നാല് പ്രധാന ഗുണങ്ങളുണ്ട്.

ദാനിയേൽ ഒരു ഉറച്ച നിലപാടുള്ളവനായിരുന്നു. വചനം പറയുന്നത് ദാനിയേൽ ഉൽകൃഷ്ടമാനസനായിരുന്നുവെന്ന്. ചില ക്രിസ്ത്യാനികൾക്ക് മോശമായ ചില മനോഭാവങ്ങളുണ്ട്. പിറുപിറുപ്പും പരാതികളും അവരുടെ കൂടപ്പിറപ്പുകളാണ്. അത്തരക്കാരുമായുള്ള സഹവാസം നിരാശാജനകമാണ്. എന്നാൽ ദാനിയേലൽ പ്രസാദാത്മക ചിന്താഗതിക്കാരനായിരുന്നു. അന്നത്തെ തലമുറയുടെ ദുഷിപ്പുകളുടെ കാലത്തിലൂടെ ദാനിയേൽ കടന്നുപോയെങ്കിലും അതൊന്നും അവനെ സ്പർശിച്ചില്ല. അവൻ എല്ലായ്പ്പോഴും നല്ല കാര്യങ്ങളിൽ ആഹ്ലാദചിത്തനായിരുന്നു. ദാനിയേൽ സിംഹക്കുഴിയിൽ ഏറിയപ്പെട്ടപ്പോൾ ഒച്ചവയ്ക്കുകയോ മുഷ്ടിയുയർത്തുകയോ ചെയ്തില്ല. "ഞാൻ നിഷ്കളങ്കനാണ്. ഞാനൊരു തെറ്റും ചെയ്തില്ല." ഇങ്ങനെ ദാനിയേൽ പറഞ്ഞില്ല. ഇതായിരുന്നു പീഡനത്തോടുള്ള ദാനിയേലിന്റെ മനോഭാവം. ഷേക്സ്പിയറിന്റെ പ്രസിദ്ധ വാചകമിങ്ങനെ: "ഭീരുക്കൾ നിരവധി തവണ മരിക്കുമ്പോൾ ശൂരന്മാർ ഒറ്റത്തവണയെ മരിക്കുന്നുള്ളൂ."

ദാനിയേൽ നിലപാടുകളിൽ ഉറച്ചവനായിരുന്നു. തന്റെ ദൗത്യം ഗൗരവമായി കണ്ട വ്യക്തിയായിരുന്നു. ദൈവത്തിൽ സമ്പൂർണ്ണമായി വിശ്വാസമുറപ്പിച്ച ഈ ദൈവപുരുഷനെ നമുക്ക് മാതൃകയാക്കാം. അപ്പോസ്തലനായ പൗലോസും ഉറച്ച നിലപാടുള്ളവനായിരുന്നു. "സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല." - അപ്പോസ്തലൻ വ്യക്തമാക്കി.

**ജോൺ ക്രിസ്സ്റ്റോസം:** ഗ്രീക്ക് സഭാ പിതാക്കന്മാരിൽ മഹാനായിരുന്ന ഇദ്ദേഹം എ.ഡി. 347-407 കാലഘട്ടത്തിൽ ജീവിച്ചിരുന്നു. വളരെ യൗവനത്തിൽ ചക്രവർത്തിയുടെ മുന്നിൽ ഹാജരാക്കപ്പെട്ട ക്രിസ്സ്റ്റോസത്തോട് ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കണമെന്നും അല്ലാത്ത പക്ഷം വധിക്കപ്പെടുമെന്നും ഭീഷണിപ്പെടുത്തി. "അങ്ങേയ്ക്ക് എന്നെ ഒന്നും ചെയ്യാൻ കഴിയുകയില്ല. ഈ ലോകം മുഴുവനും എന്റെ പിതാവിന്റേതാണ്. അങ്ങനെയെങ്കിൽ ഈ ഭൂമിയിൽ നിന്നും അങ്ങേയ്ക്ക് എന്നെ ഉന്മൂലനം ചെയ്യാനാകില്ല." ക്രിസ്സ്റ്റോസം പറഞ്ഞു.

"ഞാൻ നിന്റെ സ്വത്തുക്കൾ മുഴുവനും കണ്ടുകെട്ടും." ചക്രവർത്തി ഭീഷണി ആവർത്തിച്ചു.

"ഇല്ല. എന്റെ സ്വത്തുക്കൾ സ്വർഗ്ഗത്തിലാണ്." ക്രിസ്സ്റ്റോസം പറഞ്ഞു.

"സ്നേഹിതരാരും നിന്നോടു സംസാരിക്കാനില്ലാത്ത സ്ഥലത്തേയ്ക്കു നിന്നെ നാടു കടത്തും." ചക്രവർത്തി ഭീഷണി മുഴക്കി.

"അങ്ങേയ്ക്കതിന് ആകില്ല. സ്നേഹിതന്മാരേക്കാൾ അടുത്ത ബന്ധമുള്ള സനേഹിതനാണ് എന്റെ യേശു. യേശു എന്റെ നിത്യസ്നേഹിതനാണ്." ക്രിസ്സ്റ്റോസം പറഞ്ഞു.

ഒടുവിൽ ചക്രവർത്തി ക്രിസ്സ്റ്റോത്തിനെ ഭീഷണിപ്പെടുത്തി: "ഞാൻ നിന്നെ കൊന്നു മുടിച്ചു കളയും..."

"ഇല്ല. അങ്ങേയ്ക്കാവില്ല. കാരണം എന്റെ പ്രാണൻ എന്റെ യേശുവിന്റെ കരങ്ങളിലാണ്." ക്രിസ്സ്റ്റോസം ധൈര്യത്തോടെ ഉറക്കെ പറഞ്ഞു.

"നിന്നെപ്പോലൊരു ആളോട് ഞാൻ എന്തു ചെയ്യും?" വാക്കുമുട്ടിയ ചക്രവർത്തി ചോദിച്ചു.

**ദാനിയേൽ വിശുദ്ധി കാത്ത ഭക്തൻ**

വിശുദ്ധ ജീവിതത്തിൽ ദാനിയേൽ ഉറച്ചുനിന്നു. നെബൂഖദ്നേസർ രാജാവിന്റെ ഉയർന്ന ഉദ്യോഗസ്ഥരുടെ ജീവിതം സൂക്ഷ്മ നിരീക്ഷണത്തിനു വിധേയമായിരുന്നു. എന്നാൽ ദാനിയേലിന്റെ ജീവിതത്തിൽ ഒരു കുറ്റവും ആർക്കും കണ്ടെത്താനായില്ല.

**ചാൾസ് സ്പർജന്റെ കഥ**

ലോക പ്രസിദ്ധ സുവിശേഷ പ്രസംഗകനായ ചാൾസ് സ്പർജനെ

(ശേഷം പേജ് 5)

EDITORIAL BOARD

Chief Editor : Reji Philip
Managing Editor : Sam T. Mukathala
Editor : D. Kunjumon Pothancode
Circulation Manager : Reji P. Paul

വാർഷിക വരിസംഖ്യ
120 രൂപ
പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപരസ്യം 500 രൂപ
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637
Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471



# രക്തദാനം പുണ്യദാനം!

ടോംസ് ആന്റണി

വർഷങ്ങൾക്കു മുമ്പ് ഒരു ബന്ധുവിന് രക്തം ആവശ്യംവന്നപ്പോൾ സന്തോഷത്തോടെ ദാനം ചെയ്യാൻ വന്ന ചെറുപ്പക്കാരനെ ഇന്നും ഓർക്കുന്നു. രക്തദാനത്തിനുശേഷം ഞങ്ങൾ ഓഫർ ചെയ്ത ചായയോ, ഭക്ഷണമോ ഒന്നും സ്വീകരിക്കാതെ, പേരുപോലും വെളിപ്പെടുത്താതെ തിരികെ പോയ ആ മുഖം വ്യക്തമല്ലെങ്കിലും ദൈവദൂതന്റെ രൂപത്തിൽ മനസ്സിൽ ഇന്നും തെളിഞ്ഞു നിൽക്കുന്നു. കിലോമീറ്ററുകൾ ബൈക്കോടിച്ചാണ് അദ്ദേഹം ഈ മഹത്തായ കർമ്മം ചെയ്യാനെത്തിയത്.

ഒരു വ്യക്തിക്കു മറ്റൊരാൾക്ക് നൽകാനാവുന്ന വിലപ്പെട്ട ദാനങ്ങളിലൊന്നാണ് രക്തദാനം. രക്തത്തിനു പകരം വയ്ക്കാൻ മറ്റൊരു സ്രോതസ്സില്ലാത്തതിനാൽ അതുല്യമാണ് ഈ ദാനം.

രക്തദാനം കുറെപ്പേർ ഒരു തൊഴിലായി സ്വീകരിച്ചിരുന്ന കാലഘട്ടമുണ്ടായിരുന്നു. ഒരു ദിവസത്തിൽ തന്നെ പലർക്ക് ദാനം ചെയ്ത് പണം സമ്പാദിച്ചിരുന്നവർ. ഭൂരിഭാഗവും രക്തദാനം ചെയ്യുന്നതിന് ഭയന്നു നിന്നപ്പോഴാണ് ഇക്കൂട്ടർ അരങ്ങുവാണത്. ഇന്ന് അവയൊക്കെ പഴങ്കഥ. അനേകം ചെറുപ്പക്കാരാണ് ഇന്ന് രക്തദാനം ചെയ്യാൻ മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നത്.

അജ്ഞതയാണ് രക്തദാനത്തിന് വിഘാതമായി നിലകൊണ്ട പ്രധാന കാര്യം. അന്ധവിശ്വാസവും, ഭയവുമെല്ലാം രക്തദാനത്തിൽ നിന്ന് സമൂഹത്തെ അകറ്റി. രക്തത്തിലാണ് ജീവൻ എന്നും, രക്തം സ്വീകരിക്കുന്നതിലൂടെ മറ്റൊരാളുടെ ജീവൻ പ്രവേശിക്കുമെന്നുവരെ ആശങ്കപ്പെട്ട കാലമുണ്ട്. രക്തം കൊടുക്കുന്നതിലൂടെ വലിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്നു ഒരു തലമുറ ധരിച്ചു. കൂടാതെ താഴ്ന്ന ജാതിയിൽപ്പെട്ടവന്റെ രക്തം സ്വീകരിക്കാൻ മടിയുള്ള സമൂഹം അന്നും ഇന്നുമുണ്ട്. ഇത്തരം ചിന്താധാരകൾ മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. രക്തദാനത്തിന്റെ മഹനീയത തിരിച്ചറിയുന്നതിൽ തമിഴ്നാട്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളേക്കാൾ നാം പിന്നിലാണ് എന്നതാണ് ദാരുണമായ സത്യം. ഒന്നോർക്കുക! രക്തത്തിന് ഒരു നിറമേ ഉള്ളൂ, ചുവപ്പ്.

ഇതുമായി ബന്ധപ്പെട്ട് 1996 ലെ സുപ്രീംകോടതിവിധി വളരെ നിർണ്ണായകമായിരുന്നു. ദാതാവിന്റെയും, സ്വീകർത്താവിന്റെയും സുരക്ഷിതത്വം ഉറപ്പിക്കണം എന്നുള്ളതായിരുന്നു വിധിയുടെ കാതൽ. രക്തദാനരംഗത്ത് സമൂലമായ മാറ്റങ്ങൾ അതിനുശേഷം ഉണ്ടായി.

**പ്രാധാന്യം**

തക്കസമയത്ത് രക്തം ലഭിക്കാതെ മരണമടയുന്നവർ ഒട്ടനവധിപേരാണ്. തൊട്ടടുത്ത ബന്ധുക്കൾപോലും ഭയം നിമിത്തം രക്തദാനം ചെയ്യാൻ മടിക്കുന്ന കാഴ്ച എത്രയോ ലജ്ജാകരമാണ്!

ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ഒരാൾ മറ്റൊരാൾക്ക് രക്തം നൽകുന്ന പ്രക്രിയയാണ് രക്തദാനം. രക്തം ആവശ്യമുള്ളവർക്ക് അവരുടെ ജീവൻ നിലനിർത്താൻ മറ്റൊരാൾ നൽകിയാൽ മാത്രമേ കഴിയൂ. രക്തത്തിന്റെ ലഭ്യത ഏതൊരു വൈദ്യശാസ്ത്രത്തെ സംബന്ധിച്ചും അമൂല്യമാണെന്ന് തിരിച്ചറിയണം. രക്തദാനം ജീവദാനം തന്നെയാണ്.

ഏകദേശം 200-ലേറെ രക്തബാങ്കുകൾ കേരളത്തിലുണ്ട്. ഒപ്പം മുപ്പതോളം രക്തഘടകങ്ങൾ വേർതിരിച്ച് സൂക്ഷിക്കുന്ന രക്തബാങ്കുകളുമുണ്ട്. നമ്മുടെ ദേശത്ത് രക്തബാങ്കുകൾ കൂണുകൾപോലെ മുളക്കുകയാണ്. പലതിലും നിലവാരമുള്ള രക്തം ലഭിക്കാറില്ല. ജനങ്ങളുടെ അടുത്തേയ്ക്ക് പോയി ബോധവത്ക്കരണം നടത്തി രക്തം സ്വീകരിക്കാനുള്ള ബാദ്ധ്യത രക്തബാങ്കുകൾക്കുണ്ട്. എന്നാൽ പല രക്തബാങ്കുകളും സജീവമല്ല എന്നതാണ് വാസ്തവം.

ഇന്ത്യയിൽ പ്രതിവർഷം ഒന്നേകാൽ കോടി യൂണിറ്റ് രക്തം ആവശ്യമായിവരുന്നു. ഓരോ രണ്ട് സെക്കന്റിലും നമുക്ക് രാജ്യത്ത് ഒരാൾ രക്തത്തിനായി ദാഹിക്കുന്നു. ആകെ ആവശ്യമുള്ളതിന്റെ 10% ഓളം കുറവ് നാം അനുഭവിക്കുന്നുണ്ട്. രക്തത്തിന്റെ ആവശ്യത്തിന്റെ പ്രതിവർഷ വർദ്ധനവ് 5% ആണെന്ന് ആശുപത്രികളിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. യോഗ്യരായവരിൽ വെറും 4% വ്യക്തികൾ മാത്രമേ രക്തദാനം ചെയ്യുന്നുള്ളൂ. ദാതാക്കളിൽ 75% പേരും ഒരു തവണ മാത്രം രക്തം ദാനം ചെയ്യുന്നവരാണ്.

ഓരോ നിമിഷവും രക്തം ആവശ്യമുള്ളവർ എവിടെയെങ്കിലുമൊക്കെ ഉണ്ടാവും. അപകടങ്ങളിൽപ്പെട്ട് രക്തം നഷ്ടപ്പെടുന്നവർക്ക്, രക്തസഞ്ചാരത്തിന് ഭംഗം വരുന്നവർക്ക്, മാരകമായി പൊള്ളൽ ഏൽക്കുന്നവർക്ക്, ഓപ്പറേഷനു വിധേയരാകുന്നവർക്ക്, പ്രസവസമയങ്ങളിൽ അമ്മമാർക്ക്, അനീമിയ രോഗികളായവർക്ക്, അർബുദം ബാധിച്ചവർക്ക്, ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് എന്നിവർക്കൊക്കെ രക്തം ആവശ്യമായിവരാം. അതും അടിയന്തിര പ്രാധാന്യത്തോടെ!

സാധാരണ മനുഷ്യശരീരത്തിൽ നാലരമുതൽ 6 വരെ ലിറ്റർ രക്തശേഖരമുണ്ട്. ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ശേഷം ഒന്നര മുതൽ രണ്ടുവരെ ലിറ്റർ അധികമുണ്ടെന്ന് മനസ്സിലാക്കുക. അതിന്റെ ചെറിയ ഒരു ഭാഗം ദാനം ചെയ്താൽ ശരീരത്തിന് ഒരു കോട്ടവും സംഭവിക്കുകയില്ല. നാം രക്തം ദാനം ചെയ്തില്ലെങ്കിൽ പോലും നമ്മുടെ ശരീരത്തിലെ ചുവന്ന രക്താണുക്കൾ 120 ദിവസം കഴിയുമ്പോൾ നശിച്ച് പുതിയവ രൂപപ്പെടും. വെളുത്ത രക്താണുക്കൾ 5 മുതൽ 500 ദിവസത്തിനുള്ളിൽ ഇല്ലാതാകും. പ്ലേറ്റ്ലെറ്റുകളും സ്വയം നഷ്ടപ്പെടും. ഇങ്ങനെ സ്വയം നഷ്ടപ്പെടുന്നതിനുപകരം ഇവ ദാനമായി കൊടുക്കുവാൻ കഴിഞ്ഞാൽ നാലോളം ജീവനുകളെ രക്ഷിക്കാൻ കഴിയും.

**രക്തദാനരീതികൾ**

**1. അലോജനിക് രീതി**

അലോജനിക് രീതിയിൽ ദാനം ചെയ്ത് രക്തം, രക്തബാങ്കുകളിൽ നിർദ്ദിഷ്ട ഊഷ്മാവിലും, കാലയളവിലും സൂക്ഷിക്കുന്നു. ആവശ്യക്കാരനെ ദാതാവ് തിരിച്ചറിയുന്നില്ല.

**2. നേർരേഖാരീതി**

ഇവിടെ സ്വീകർത്താവിന്റെ ആവശ്യാർത്ഥമാണ് രക്തം ദാനം ചെയ്യപ്പെടുന്നത്. ഇതിൽ പലപ്പോഴും ബന്ധുക്കളിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ ആകാം രക്തം സ്വീകരിക്കുന്നത്.

**സന്നദ്ധരക്തദാനം**

പണത്തിനുവേണ്ടി രക്തദാനം പാടില്ല. അത് നിയമവിരുദ്ധമാണ്. പണമോ, ഏതെങ്കിലും തരത്തിലുള്ള പാരിതോഷികമോ സ്വീകരിക്കാതെയും ആരുടെയും നിർബന്ധത്തിനോ, സമ്മർദ്ദത്തിനോ, വഴങ്ങാതെയും, സ്വമേധയാ രക്തം ദാനം ചെയ്യുന്നതിനെയാണ് സന്നദ്ധരക്തദാനം എന്ന് പറയുന്നത്.

സന്നദ്ധരക്തദാതാവ് താൻ ആരോഗ്യവാനാണെന്ന് പൂർണ്ണബോധ്യമുണ്ടെങ്കിൽ മാത്രമേ രക്തംദാനം ചെയ്യുകയുള്ളൂ. ആവശ്യമുള്ള സമയത്ത് സുരക്ഷിത രക്തത്തിന്റെ ലഭ്യത രക്തബാങ്കുകളിൽ ഉറപ്പാക്കുന്നു. അത്യാവശ്യഘട്ടങ്ങളിൽ രക്തത്തിനായി നെട്ടോട്ടമോടുന്ന സാഹചര്യം ഇതുമൂലം ഇല്ലാതാകുന്നു. കൂടാതെ പ്രതിഫലം വാങ്ങി രക്തം കൊടുക്കുന്ന സ്ഥിതിയും ഇതുമൂലം ഇല്ലാതാകുന്നു.

**എത്ര തവണ ?**

ആരോഗ്യമുള്ള ഒരു പുരുഷന് മൂന്നുമാസത്തിലൊരിക്കൽ ധൈര്യമായി രക്തംദാനം ചെയ്യാം. സ്ത്രീകൾക്ക് നാലുമാസത്തിലൊരിക്കലും. 18 വയസ്സുമുതൽ 60 വയസ്സുവരെയുള്ളവർക്ക് ദാനം ചെയ്യാം. 45 കിലോയിൽ കൂടുതൽ ശരീരഭാരം ഉണ്ടാകണം. 50 വയസ്സുകഴിഞ്ഞവർക്ക് തങ്ങളുടെ ആരോഗ്യനിലവാരം തൃപ്തികരമെങ്കിൽ ദാനം ചെയ്യാവുന്നതാണ്. കൃത്യമായ ഇടവേളകളിൽ 18 വയസ്സുമുതൽ ദാനം ചെയ്യുകയാണെങ്കിൽ അതുവഴി 650 ൽ അധികം ജീവനാണ് രക്ഷിക്കാൻ കഴിയുന്നത്. ദാതാവിന്റെ തൂക്കം 55 കിലോയിൽ കുറവാണെങ്കിൽ 350 മില്ലീലിറ്റർ രക്തവും 55 കിലോയിൽ കൂടുതലെങ്കിൽ 450 മില്ലീലിറ്റർ വരെയും സ്വീകരിക്കും.

**രക്തദാതാവിനെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ**

കർശനമായ പരിശോധനകൾക്ക് ശേഷം മാത്രമേ ദാതാവിനെ നിശ്ചയിക്കാറുള്ളൂ. ഇത് കൃത്യമായി പാലിക്കുന്നത് വഴി സ്വീകർത്താവിനും, ദാതാവിനും ഒരു പോലെ സുരക്ഷ ഉറപ്പാക്കുന്നു. ദാതാക്കൾക്കുള്ള അസുഖങ്ങൾ, അവർ കഴിക്കുന്ന ഔഷധങ്ങൾ എന്നിവ സ്വീകർത്താക്കളുടെ ആരോഗ്യനില അപകടത്തിലാക്കാൻ ഇടയുണ്ട്.

രക്തം ആവശ്യമുള്ള ഒരു വ്യക്തി നേരിട്ടോ, സുഹൃത്തുക്കളോ, ബന്ധുക്കളോ മുഖേനയോ ഒരു യൂണിറ്റ് രക്തം സുരക്ഷിതമായി നൽകുന്നതിന് അനുയോജ്യനായ വ്യക്തിയെ കണ്ടുപിടിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. രക്തം ദാനം ചെയ്യാൻ സന്നദ്ധനായ വ്യക്തി അതിന് യോഗ്യനാണോ, അല്ലയോ എന്ന് നിശ്ചയിക്കുന്നത് രക്തബാങ്കിലെ മെഡിക്കൽ ഓഫീസർ ആണ്. ഇതിനായി ഒരു ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഡോക്ടറെ സഹായിക്കുന്നു. ദാതാവിന്റെ യോഗ്യതകൾ നോക്കുകയും വിവിധ പരിശോധനകൾ നടത്തി ദാതാവിനും സ്വീകർത്താവിനും യാതൊരുദോഷവും രക്തംദാനം ചെയ്യുന്നതുകൊണ്ട് ഉണ്ടാവില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

**തെരഞ്ഞെടുക്കൽ പരിശോധനകൾ**

**1. തിരിച്ചറിയൽ**

ദാതാവിന്റെ പേര്, വയസ്സ്, മേൽവിലാസം, തൊഴിൽ, വിദ്യാഭ്യാസം എന്നിവ ശേഖരിക്കുന്നു.

**2. ആരോഗ്യവിവരങ്ങൾ**

വ്യക്തിയുടെ രക്തദാനചരിത്രം, ആരോഗ്യവിവരങ്ങൾ തുടങ്ങിയവ ശേഖരിക്കുന്നു.

**3. ശാരീരിക പരിശോധന**

വിളർച്ച, തൂക്കം, നാഡിയിടിപ്പ്, രക്തസമ്മർദ്ദം, ഹൃദയപരിശോധന, ശ്വസനാവയവപരിശോധന തുടങ്ങിയവ. ഹീമോഗ്ലോബിന്റെ അളവ് 12.5 ഗ്രാമിൽ കുറയാൻ പാടില്ല. സിസ്റ്റോളജിക് ബ്ലഡ് പ്രഷർ 160 ൽ താഴെയും 110 ന് മുകളിലുമായിരിക്കണം. ഡയസ്റ്റോളിക് ബ്ലഡ് പ്രഷർ 60 നും 90 നും മദ്ധ്യേ ആയിരിക്ക

(ശേഷം പേജ് 6)

## രക്തദാതാക്കളാകാൻ പറ്റാത്തവർ

1. മൂന്നുമാസത്തിനുള്ളിൽ രക്തദാനം നടത്തിയവർ.
2. ഇൻസുലിൻ കുത്തിവയ്ക്കേണ്ട അളവിൽ പ്രമേഹം ഉള്ളവർ.
3. ഹൃദയസംബന്ധമായ രോഗമുള്ളവർ
4. മാനസികരോഗങ്ങളും അസ്വാസ്ഥ്യവും ഉള്ളവർ
5. മഞ്ഞപ്പിത്തം, മലമ്പനി എന്നിവ ഉള്ളവർ
6. ഏതെങ്കിലും ആന്റിബയോട്ടിക് ചികിത്സ നടത്തുന്നവർ
7. ഉയർന്നതോ കുറഞ്ഞതോ ആയ രക്തസമ്മർദ്ദം ഉള്ളവർ
8. ക്ഷയരോഗികൾ
9. മഞ്ഞപ്പിത്തം മാറിയിട്ട് മൂന്നുവർഷം ആകാത്തവർ
10. മലേറിയ ബാധിതർ
11. ടൈഫോയ്ഡ്മാറിയിട്ട് രണ്ടുവർഷം ആകാത്തവർ
12. കിഡ്നി, കരൾ സംബന്ധമായ രോഗങ്ങളുള്ളവരും ആസ്തമ രോഗികളും
13. മേജർ സർജറിക്കുശേഷം ആറുമാസം ആകാത്തവർ.
14. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ആർത്തവകാലത്തുള്ള സ്ത്രീകൾ.
15. മുലയൂട്ടൽ നിർത്തി ഒരു വർഷം ആകാത്തവർ
16. ഏതെങ്കിലും തരത്തിൽ ഗർഭഛിദ്രം നടത്തി ആറുമാസം ആകാത്തവർ.
17. പലരുമായി ലൈംഗികബന്ധം പുലർത്തുന്നവർ, എയ്ഡ്സ് രോഗികൾ.
18. ലഹരി വസ്തുക്കൾക്ക് അടിമയായവർ
19. പനിയോ, ശാരീരികമായ ഏതെങ്കിലും അസ്വസ്ഥതയോ ഉള്ളവർ.
20. പല്ലെടുത്തശേഷം രണ്ടാഴ്ച ആകാത്തവർ
21. ശരീരത്തിൽ പച്ചകുത്തിയശേഷം ആറുമാസം ആകാത്തവർ.
22. അപസ്മാരരോഗികൾ
23. പട്ടി കടിച്ചിട്ട് ഒരു വർഷമാകാത്തവർ.

ഒഴിഞ്ഞ വയറോടെയും കൂടുതൽ കൊഴുപ്പുനിറഞ്ഞ ഭക്ഷണം കഴിച്ചും രക്തദാനം ചെയ്യരുത്. ഉറക്കമുളച്ച് ഡ്രൈവ് ചെയ്തുവന്ന് രക്തദാനം ചെയ്യരുത്. രക്തദാനത്തിനുമുമ്പും ശേഷവും ധാരാളം വെള്ളം കുടിക്കണം. രക്തദാനത്തിനുമുമ്പ് 3 മണിക്കൂറിനുള്ളിൽ ആഹാരം കഴിച്ചിരിക്കണം.

# ഓൺലൈൻ പ്രാർഥനയിലൂടെ ദൈവീകവിടുതൽ

**ഒക്‌ലഹോമ പ്രെയർ ലൈൻ (ഒപിഎൽ) തുടക്കക്കാരായ സാജൻ – ബിജി ദമ്പതികളുമായി രഞ്ചു തോമസ് നടത്തിയ അഭിമുഖം**

**ലോ**കത്തിന്റെ വിവിധ രാജ്യങ്ങളിലായി അനേകർക്ക് അനുഗ്രഹവും വിടുതലും ആശ്വസവുമായി നടന്നുകൊണ്ടിരിക്കുന്ന ഒരു ഓൺലൈൻ (കോൺഫ്രൻസ് കോൾ) പ്രാർഥനാകൂട്ടായ്മയാണ് ഒക്‌ലഹോമ പ്രെയർ ലൈൻ. അമേരിക്കൻ പട്ടണമായ ഒക്‌ലഹോമയിൽ കുടുംബമായി താമസിക്കുന്ന കോട്ടയം മാങ്ങാനം സ്വദേശിയും, കൈതമറ്റം ബെഥേൽ ഐപിസി സഭാംഗവുമായ സഖറിയ ചെറിയാന്റെയും (സാജൻ) ഭാര്യ ബിജിയുടെയും ജീവിതത്തിൽ ദൈവം നൽകിയ പ്രത്യേക നിയോഗപ്രകാരം ആരംഭിച്ച ഓൺലൈൻ പ്രാർഥനാകൂട്ടായ്മയെക്കുറിച്ച്...

**ഒപിഎൽ ആരംഭിക്കാനുള്ള കാരണം/പ്രേരണ/മുഖാന്തരം**

2010 ൽ സഖറിയ ചെറിയാനും കുടുംബവും ഒരു വലിയ കഷ്ടതയിലൂടെ കടന്നുപോയി. ആ അവസരത്തിൽ അനേകം ദൈവമക്കൾ അവർക്കുവേണ്ടി പ്രാർഥിച്ചതിന്റെ ഫലമായി ദൈവം വിടുതൽ നൽകി. ആ അനുഭവമാണ് കഷ്ടതയനുഭവിക്കുന്ന അനേകർക്കുവേണ്ടി പ്രാർഥിക്കാനുള്ള ആത്മഭാരവും പ്രേരണയും അവർക്കു നൽകിയത്. പക്ഷേ, ഇതെങ്ങനെ ചെയ്യണമെന്നോ ആരംഭിക്കണമെന്നോ അറിയാതെ 2010 മുതൽ 2012 വരെ ഈ വിഷയത്തിനായി പ്രാർഥിച്ചുകൊണ്ടിരുന്നു.

2012 ജൂലൈ നാല് തിങ്കളാഴ്ച അവർ കൂടിവരുന്ന ഒക്‌ലഹോമയിലുള്ള ദൈവസഭയിൽ നടന്ന ഏകദിന ഉപവാസപ്രാർഥനയിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ ദൈവവചനം പ്രസംഗിച്ച ദൈവദാസനിലൂടെ ദൈവാത്മാവ് ബിജിയോട് ഇപ്രകാരം സംസാരിച്ചു: “ഇതുവരെ ഞാൻ നിനക്കുവേണ്ടി പ്രവർത്തിച്ചു. ഇനി നീ എനിക്കുവേണ്ടി പ്രവർത്തിക്കേണ്ട സമയമാണ്.’’ ആ പ്രാർഥന കഴിഞ്ഞു തിരികെ വീട്ടിലെത്തിയശേഷം ഓൺലൈനിൽ ഒരു നമ്പരെടുത്തു. ഓൺലൈനിലൂടെ ഒരു പ്രാർഥനാകൂട്ടായ്മ ആരംഭിക്കാൻ ആഗ്രഹിച്ചു.

2012 ജൂലൈ എഴ് മുതൽ എല്ലാ വ്യാഴാഴ്ചയും ഒരുമണിക്കൂർ വീതം മറ്റുള്ളവരുടെ വിഷയങ്ങൾക്കായി ഓൺലൈനിലൂടെ പ്രാർഥിക്കാൻ ആരംഭിച്ചു. പിന്നീടത് എല്ലാ ദിവസവും എന്ന ക്രമീകരണത്തിലേക്കു വന്നു. ഇപ്പോൾ എല്ലാദിവസവും രാവിലെ 7–7.30 വരെ തുടർച്ചയായി പ്രാർഥന നടന്നുവരുന്നു.

ഒക്‌ലഹോമ പ്രെയർലൈനിന്റെ പ്രവർത്തനം എന്നത്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ദൈവമക്കൾ ഒരേസമയം ഓൺലൈനിലൂടെയും കോൺഫ്രൻസ്കോളിലൂടെയും അനേകരുടെ പ്രാർഥനാവിഷയങ്ങൾക്കുവേണ്ടി പ്രാർഥിക്കയും ദൈവത്തെ ആരാധിക്കയും ദൈവവചന സന്ദേശങ്ങൾ കേൾക്കുകയും ചെയ്യുന്നു എന്നതാണ്. 2012 നവംബറിൽ ഓൺലൈൻ ബൈബിൾ സ്റ്റഡിയും 2013 ഒക്ടോബറിൽ ഹിന്ദിയിലുള്ള ഓൺലൈൻ പ്രാർഥനയും 2014 ഫെബ്രുവരിയിൽ മോർണിംഗ് പ്രാർഥനയും 2016 ജനുവരിയിൽ തമിഴിലുള്ള ഓൺലൈൻ പ്രാർഥനയും ആരംഭിക്കാൻ ദൈവം സഹായിച്ചു.

**ഒപിഎല്ലിന്റെ പ്രാർഥനാസമയം**

എല്ലാദിവസവും രാവിലെ 7–7.30 വരെ മധ്യസ്ഥപ്രാർഥന

ഞായർ – 9 പിഎം – 11 പിഎം വരെ ക്രിസ്തീയ പീഡനം അനുഭവിക്കുന്നവർക്കും പീഡിപ്പിക്കുന്നവർക്കും വേണ്ടിയുള്ള പ്രാർഥന.

തിങ്കൾ – 9 പിഎം – 10.30 പിഎം മധ്യസ്ഥപ്രാർഥന



സഖറിയ ചെറിയാനും ബിജിയും മക്കൾ സാന്റിന, അക്സ, അബിയ എന്നിവരോടൊപ്പം.

- ഹിന്ദി പ്രെയർ ലൈൻ
  ചൊവ്വ – 7.30 പിഎം – 8.30 പിഎം
- തമിഴ് പ്രെയർ ലൈൻ
  ” – 9 പിഎം – 10 പിഎം
- മലയാളം ബൈബിൾ സ്റ്റഡി
  ബുധൻ– 9 പിഎം – 10 പിഎം
- മലയാളം ബൈബിൾ സ്റ്റഡി
  വ്യാഴം – 8.30 പിഎം – 9 പിഎം
- ഇംഗ്ലീഷ് പ്രെയർലൈൻ
  ” – 9 പിഎം – 12 എഎം –

**ഒപിഎല്ലിൽ പങ്കെടുക്കുന്നവർ**

ഒക്‌ലഹോമ പട്ടണത്തിലുള്ളവരെ കൂടാതെ അമേരിക്കയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇന്ത്യ, ആസ്ട്രേലിയ, കാനഡ, ഇംഗ്ലണ്ട് തുടങ്ങി മറ്റു ലോകരാജ്യങ്ങളിൽ നിന്നുമായി അനേകർ ഈ ഓൺലൈൻ പ്രെയറിൽ പങ്കെടുക്കുകയും ആശ്വാസവും അനുഗ്രഹവും പ്രാപിക്കയും ചെയ്തുകൊണ്ടിരിക്കുന്നു.

**ഒപിഎല്ലിന്റെ ലക്ഷ്യം/പ്രാർഥനാവിഷയങ്ങൾ**

- ഒക്‌ലഹോമയിലും അമേരിക്കയിലെയും ഇന്ത്യയിലെയും എല്ലാ സംസ്ഥാനങ്ങളിലും ലോകവ്യാപകമായും ആത്മിക ഉണർവ് ഉണ്ടാകുക.
- തലമുറയുടെ ആത്മീകവളർച്ചയും അനുഗ്രഹവും
- എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങളുടെയും വിശാലത.
- ക്രിസ്തുവിനുവേണ്ടി പീഡയനുഭവിക്കുന്നവരുടെ ആശ്വാസവും പീഡിപ്പിക്കുന്നവരുടെ മാനസാന്തരവും
- ലോകത്തിലെ എല്ലാ രാജ്യങ്ങളുടെയും സുരക്ഷിതത്വവും സമാധാനവും
- ക്രിസ്തീയ സഭകളുടെയും പ്രവർത്തനങ്ങളുടെയും ഐക്യത

**ഒപിഎല്ലിന്റെ പ്രാധാന്യം**

അമേരിക്കയിലെ ലൂസിയാന എന്ന സ്ഥലത്ത് മലയാളം ചർച്ചുകളോ ആരാധനയോ ഇല്ല. അവിടെയുള്ള മലയാളികൾക്ക് ഈ ഓൺലൈൻ പ്രാർഥനാകൂട്ടായ്മ വളരെ സന്തോഷവും അനുഗ്രഹവുമാണ്. മലയാളത്തിൽ പാടാനും പ്രാർഥിക്കാനും ദൈവവചനസന്ദേശങ്ങൾ കേൾക്കാനും ഒക്‌ലഹോമ പ്രെയർലൈനിലൂടെ സാധിക്കുന്നു. അമേരിക്കയിലെ തിരക്കേറിയ ജീവിതത്തിനിടയിലും ജോലിയിലും യാത്രയിലും ആയിരിക്കുന്ന സാഹചര്യത്തിലും വാർധക്യത്തിലും രോഗക്കിടക്കയിലും ആയിരിക്കുന്നവർക്കും അവർ ആയിരിക്കുന്ന സ്ഥലങ്ങളിലും സാഹചര്യങ്ങളിലും ഈ പ്രെയറിൽ പങ്കെടുക്കാൻ സാധിക്കുന്നതു അനുഗ്രഹകരമായ കാര്യമാണ്.



സഖറിയ ചെറിയാനും ബിജിയും

**ഒപിഎല്ലിലൂടെയുള്ള അനുഭവങ്ങൾ**

ഒക്‌ലഹോമ പ്രെയർ ലൈനിലൂടെയുള്ള പ്രാർഥന, ദൈവവചനപഠനം, ദൈവവചനസന്ദേശം എന്നിവ മുഖാന്തരം അനേകർക്ക് ആശ്വാസവും വിടുതലും സൗഖ്യവും ലഭിക്കാനിടയായി. എല്ലാറ്റിനും ഉപരിയായി ചിലർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കാനിടയായി. അനേക അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ടെങ്കിലും ഒരു അനുഭവം മാത്രം എഴുതുന്നു:

പാട്രിക് ഇമ്മാനുവേൽ സെബാസ്റ്റ്യൻപിള്ള എന്ന വ്യക്തി ഒക്‌ലഹോമ പ്രെയർലൈനിലൂടെ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. തന്റെ ജീവിതത്തിലെ വിഷയങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണാനും കഴിഞ്ഞു. തുടർന്നു ദൈവവചനപ്രകാരം സ്നാനപ്പെട്ടു. എന്നാൽ, ചില നാളുകൾക്കുശേഷം അദ്ദേഹത്തിന് അപകടം ഉണ്ടായതിനെത്തുടർന്ന് ശസ്ത്രക്രിയ വേണമെന്നു ഡോക്ടർമാർ ആവശ്യപ്പെട്ടു. അതിന്റെ ചെലവ് ഏകദേശം 12,5000 അമേരിക്കൻ ഡോളറായിരുന്നു. എന്നാൽ, ഓൺലൈൻ ബൈബിൾസ്റ്റഡിയിലെ ദൈവവചന സന്ദേശത്തിലൂടെ അദ്ദേഹത്തിന് അത്ഭുതകരമായ സൗഖ്യം ദൈവം നൽകി.

**ക്രിസ്ത്യൻ വേൾഡ് വായനക്കാരോട്**

ഒക്‌ലഹോമ പ്രെയർലൈൻ പ്രവർത്തകരായ സഖറിയ ചെറിയാനും ബിജിക്കും ക്രിസ്ത്യൻ വേൾഡ് വായനക്കാരോടു പറയാനുള്ളത്, നാം വിവിധ സ്ഥലങ്ങളിൽ ആയിരിക്കുന്നെങ്കിലും നമുക്ക് ഒരുമിച്ചു പ്രാർഥനയിൽ പോരാടാൻ കഴിയും. അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നതുപോലെ “സകല പ്രാർഥനയാലും ഏതുനേരത്തും ആത്മാവിൽ പ്രാർഥിച്ചും അതിനായി ജാഗരിച്ചുകൊണ്ട് സകല വിശുദ്ധന്മാർക്കും വേണ്ടി പ്രാർഥനയിൽ പൂർണ സ്ഥിരത കാണിക്കുന്നവരായി” നാം ഓരോരുത്തരും ആയിത്തീരണം. അതിനുവേണ്ടി സമർപ്പിക്കപ്പെടാം. നിങ്ങൾക്കും ഇതുപോലുള്ള ഓൺലൈൻ പ്രാർഥനകൾ ആരംഭിക്കാൻ കഴിയുന്നെങ്കിൽ അതു സുവിശേഷീകരണത്തിനും ദൈവസഭകളുടെയും ദൈവജനത്തിന്റെയും ആത്മികവളർച്ചയ്ക്കും അനുഗ്രഹത്തിനും മുഖാന്തരമായിത്തീരും.

ഒക്‌ലഹോമ പ്രെയർലൈനിന്റെ പ്രവർത്തനങ്ങൾക്കും പ്രവർത്തകർക്കുമായി പ്രാർഥിക്കുക. താഴെ കൊടുത്തിരിക്കുന്ന നമ്പരിൽ വിളിക്കുന്നതിലൂടെ നിങ്ങൾക്കും ഈ പ്രെയർലൈനിൽ പങ്കെടുക്കാൻ സാധിക്കും. ഫോൺ നമ്പരിൽ വിളിച്ചും ഈമെയിൽ വഴിയായും നിങ്ങളുടെ പ്രാർഥനാവിഷയങ്ങൾ ഞങ്ങളെ അറിയിക്കുന്നെങ്കിൽ ഞങ്ങൾ തീർച്ചയായും നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നതായിരിക്കും.

ഒക്‌ലഹോമ പ്രെയർലൈനിൽ പങ്കാളികളാകാൻ വിളിക്കുക: (701) 801 9633.

**പ്രാർഥനാവിഷയങ്ങൾ അറിയിക്കാൻ:**

Email: oklahomaprayerline@gmail.com
Phone: (405) 209 4084 -Zach
(405) 568 9254 -Biji
Email: sajanbiji@yahoo.com

Bible QUIZ ക്രിസ്ത്യൻ വേൾഡ്

ബൈബിൾ ക്വിസ്

അടുത്ത ലക്കം മുതൽ ആരംഭിക്കുന്നു

| | |
|---|---|
| ഒന്നാം സമ്മാനം | 1000 രൂപ |
| രണ്ടാം സമ്മാനം | 700 രൂപ |
| മൂന്നാം സമ്മാനം | 500 രൂപ |

കൂടുതൽ പേർ വിജയികളായാൽ നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നതാണ്.
ശരിയുത്തരം താഴെക്കാണുന്ന വിലാസത്തിലോ ഇ-മെയിലിലോ അയയ്ക്കുക.

ക്രിസ്ത്യൻ വേൾഡ്
മാങ്ങാനം പി.ഓ., കോട്ടയം – 686 018
കോട്ടയം, കേരളം
cwbq2018@gmail.com

അന്തിമതീരുമാനം ക്രിസ്ത്യൻ വേൾഡിൽ നിഷിപ്തമായിരിക്കും.



# ടാബ് കളഞ്ഞു പുസ്തകം കൈയിലെടുക്കാൻ



ഡഗ്ലസ് ജോസഫ്

ഇന്ന് ഏതു വിജ്ഞാവും നമ്മുടെ വിരൽത്തുമ്പിൽ എത്തിക്കുന്ന ഗൂഗിൾ എന്ന സർവ്വവിജ്ഞാനസംഭരണിയിൽനിന്നും വായനയിലൂടെ അറിവിന്റെ അമൃത് ആർക്കും ആവോളം നുകരാം.

വായനാശീലം പ്രത്യേകിച്ചും ന്യൂജനറേഷൻ പിള്ളാരുടെ ഇടയിൽ തീർത്തും ഇല്ലാതെയായിരിക്കുന്നുവെന്ന് പരിതപിക്കുന്നവരുണ്ട്. മണിക്കൂറുകൾ ഗെയിം കളിക്കാനും, കാർട്ടൂൺ കാണാനും ചെലവഴിക്കുന്ന കുട്ടികൾക്ക് പുസ്തകവായന ഹിമാലയത്തിൽ കയറുന്നതുപോലെ പ്രയാസകരമാണ്. എന്നാൽ ഒരുകാലത്തു തീരെ കുറഞ്ഞിരുന്ന പുസ്തകവായന ഡിജിറ്റൽ യുഗത്തിന്റെ പിറവിയോടുകൂടി ഇ വായനയായി പുനരവതരിച്ചിട്ടുണ്ട് എന്നാശ്വസിക്കുന്നവരുമുണ്ട്.

ലോകപ്രശസ്തനായ തത്വചിന്തകനും, എഴുത്തുകാരനുമായ ഫ്രാൻസിസ് ബേക്കൺ വായനയെപ്പറ്റി പറഞ്ഞത് ചിന്തയനീയമാണ്. "ചില പുസ്തകങ്ങൾ രുചിച്ചുനോക്കണം, ചിലത് വിഴുങ്ങണം, എന്നാൽ വളരെകുറച്ചു പുസ്തകങ്ങൾ മാത്രം നന്നായി ചവച്ചരച്ചു, ദഹിക്കാൻ പാകത്തിൽ കഴിക്കണം". എന്തു വായിക്കണം, എങ്ങനെ വായിക്കണം, വായിച്ചു നേടുന്ന അറിവുകൾ ദീർഘനാളത്തേക്ക് എങ്ങനെ ഓർമയിൽ സൂക്ഷിക്കാം, പുസ്തകങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തെല്ലാം, വായനയെ എങ്ങനെ ജീവിതവിജയത്തിന്റെ പടവുകളാക്കാം തുടങ്ങിയ കാര്യങ്ങളിൽ പുതുതലമുറ കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത ഫ്രാൻസിസ് ബേക്കണിന്റെ വാക്കുകൾ വിളിച്ചോതുന്നു .

അക്ഷരമാല (Alphabets) ഏതുഭാഷയിലെതുമാവട്ടെ പഠിച്ചു കഴിഞ്ഞ കുട്ടികൾക്ക് വായിക്കാൻപറ്റുന്ന ലളിതമായ, ചിത്രങ്ങൾ ഉള്ള കഥപ്പുസ്തകങ്ങൾ വായിക്കാൻ കൊടുക്കാം. കുട്ടിയുടെ ആദ്യഗുരുക്കന്മാർ മാതാപിതാക്കന്മാരാണ്. ആദ്യമൊക്കെ കഥ വായിച്ചുകൊടുക്കാം. ബാലരമ, ബാലമംഗളം തുടങ്ങിയവായിരുന്നു ഒരുകാലത്തു കുട്ടികളെ വായനയുടെ ലോകത്തേക്ക് ആനയിച്ചിരുന്നത്. മായാവി, കപീഷ്, ഫാൻറം, ശിക്കാരിശംഭു തുടങ്ങിയ അത്ഭുതമനുഷ്യരും, അമാനുഷരായവരും, മൃഗങ്ങളും, പ്രാണികളും, പക്ഷികളും ഒക്കെ കഥാപാത്രങ്ങളായ കഥകൾ കുട്ടികളിൽ അറിവും, ഭാവനയും വളർത്തിയിരുന്നു.

ഇന്ന് കഥകൾ വായിച്ചു കൊടുക്കുന്നതിനോ, കുട്ടികളെ വായിക്കാൻ സഹായിക്കുന്നതിനോ മാതാപിതാക്കൾ മിനക്കെടാറില്ല. സി.ഡി. പ്ലേ ചെയ്തോ, യുട്യൂബിലെ വീഡിയോകൾ കാണിച്ചോ കൊച്ചുകുട്ടികളെ കഥകളിലൂടെ വിജ്ഞാനത്തിന്റെയും, വിനോദത്തിന്റെയും ലോകത്തേക്ക് ആനയിക്കാനാണ് എളുപ്പവഴിയിലൂടെ ശ്രമിക്കുന്നത്. ഇതിൽ ഒളിച്ചിരിക്കുന്ന അപകടം മാതാപിതാക്കൾ തിരിച്ചറിയുന്നില്ല. പണ്ടൊക്കെ ചിത്രകഥാപുസ്തകങ്ങൾ വായിച്ചു തുടങ്ങുന്ന കുട്ടികൾ അടുത്തപടിയായി ഗുണപാഠകഥകൾ, ഇതിഹാസകഥകൾ, നാടോടിക്കഥകൾ എന്നിവയിലേക്കു തിരിയുമായിരുന്നു എന്നാൽ, ഇന്ന് ഇന്റർനെറ്റിൽ സ്റ്റോറിവീഡിയോകൾ കണ്ടുതുടക്കം കുറിക്കുന്ന കുട്ടികൾ അടുത്തതായി നേരെ കാർട്ടൂണുകൾ കാണാനും ഗെയിം കളിക്കാനും തുടങ്ങുന്നു. ഇതാണ് ഡിജിറ്റൽ വായനയുടെ പ്രശ്നം.

വായന എന്നത് നല്ല ക്ഷമയും, താല്പര്യവും വേണ്ട പ്രക്രിയയാണ്. കുട്ടികളെ അവർ അക്ഷരം പഠിച്ചു തുടങ്ങുമ്പോൾ തന്നെ, കഥകൾ വായിച്ചുകൊടുത്തും, ചെറിയ കഥകൾ വായിപ്പിച്ചും പുസ്തകവായനയുടെ പരിശീലനം കൊടുത്തില്ലെങ്കിൽ അവർ ടാബിലോ മൊബൈലിലോ കാർട്ടൂൺ കണ്ടും, ഗെയിം കളിച്ചും സമയം കളയുമെന്നു മാത്രമല്ല പഠനത്തിൽ താല്പര്യമില്ലാത്ത, വായിക്കാൻ ഇഷ്ടമല്ലാത്ത, അറിവും, ഭാവനയും, ആശയങ്ങളും ഇല്ലാത്തവരായി മുരടിച്ചുപോകും.

ചിത്രകഥകളുമായി വായനയുടെ ലോകത്തേക്ക് പിച്ചവയ്ക്കുന്ന കുട്ടികൾക്ക് അടുത്തപടിയായി ഗുണപാഠകഥകൾ (moral stories) നാടോടിക്കഥകൾ (fables), ഇതിഹാസകഥകൾ (epics) ഇവ വായിക്കാൻ കൊടുക്കാം. കഥകളുടെ ഭണ്ഡാരമായ ആയിരത്തൊന്നു രാവുകളിലെ സിന്ദ്ബാദിന്റെ കടൽയാത്രകൾ, ആലിബാബയും നാല്പത് കള്ളന്മാരും, അലാവുദ്ദീനും അദ്ഭുതവിളക്കും തുടങ്ങിയവ കുട്ടികളെ വായനയുടെ ആനന്ദത്തിൽ ആറാടിക്കും.

നാടോടിഗുണപാഠകഥകളായ ഇന്ത്യയിലെ പഞ്ചതന്ത്രം കഥകൾ, ജാതക കഥകൾ, യൂറോപ്പിലെ ഈസോപ്പു കഥകൾ, അക്ബറും ബീർബലും, വേതാള കഥകൾ ഇവ പ്രസിദ്ധങ്ങളാണ്. ഇതിഹാസകഥകളായ ഇന്ത്യയിലെ മഹാഭാരതവും രാമായണവും ഗ്രീക്കിലെ ഇലിയഡും ഒഡീസിയും ഒക്കെകുട്ടികൾക്കു വായിക്കാൻ വാങ്ങി നൽകാം. കുട്ടികളുടെ ജന്മദിനത്തിന് സമ്മാനമായി പുസ്തകങ്ങൾ നൽകുന്ന മാതാപിതാക്കന്മാരെ ഈ ലേഖകനറിയാം.

കുട്ടികളുടെ പത്രപാരായണവും പ്രോത്സാഹിപ്പിക്കേണ്ടതാണ്. അഞ്ചാം ക്ലാസ്സ് മുതലുള്ള കുട്ടികളെ പത്രം വായിക്കാൻ പ്രേരിപ്പിക്കണം. സ്ഥിരമായി പത്രം വായിക്കുന്നത് അവരുടെ ഭാഷാജ്ഞാനം, പൊതുവിജ്ഞാനം ഇവ വളർത്താൻ സഹായിക്കും.

മുതിർന്ന കുട്ടികൾ മഹാൻമാരുടെ ജീവചരിത്രങ്ങൾ (biographies) പ്രചോദനാത്മക (motivational) പുസ്തകങ്ങൾ, വിശ്വസാഹിത്യത്തിലെ ക്ലാസിക്കൽ രചനകൾ, നോവലുകൾ, പൊതുവിജ്ഞാനം, സയൻസ് ഫിക്ഷൻമേഖലകളിലെ പുസ്തകങ്ങൾ തുടങ്ങിയ വായിക്കണം. ഷേക്സ്പിയർ, ചാൾസ് ഡിക്കൻസ്, ജെ. കെ. റൗളിങ്, ലിയോ ടോൾസ്റ്റോയ്, മാർക്ക്ട്വയിൻ, ഓസ്കാർ വൈൽഡ്, ആർതർ കൊനാൻഡോയൽ തുടങ്ങിയ വിശ്വപ്രതിഭകളായ സാഹിത്യകാരന്മാരുടെ കൃതികൾ തീർച്ചയായും വായിക്കേണ്ട ലിസ്റ്റിൽ ഉൾപ്പെടുത്തണം.

ഇന്ന് ഏതു വിജ്ഞാവും നമ്മുടെ വിരൽത്തുമ്പിൽ എത്തിക്കുന്ന ഗൂഗിൾ എന്ന സർവ്വവിജ്ഞാനസംഭരണിയിൽനിന്നും വായനയിലൂടെ അറിവിന്റെ അമൃത് ആർക്കും ആവോളം നുകരാം. സൂര്യനുകീഴിലുള്ള ഏതു വിഷയത്തെപ്പറ്റിയും ആധികാരിക വിവരം തരുന്ന ഇ ബുക്കുകൾ സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്ന നിരവധി സൈറ്ററുകളുണ്ട്.

വായനയുടെ മാഹാത്മ്യം അവർണനീയമാണ്. 'ശരീരത്തിനു വ്യായാമംപോലെ മനസിനു വായന ആവശ്യമാണ്' എന്ന ജോസഫ് അഡിസന്റെ വാക്കുകൾ ശ്രദ്ധേയമാണ്. 'വായിച്ചാലും വളരും, വായിച്ചില്ലെങ്കിലും വളരും, വായിച്ചാൽവിളയും, വായിച്ചില്ലെങ്കിൽ വളയും' എന്ന കുഞ്ഞുണ്ണിമാഷിന്റെ വരികൾ നമ്മുടെ പുതുതലമുറയെ സമൂഹത്തിനു മുതൽക്കൂട്ടാവുന്ന ഉത്തമപൗരന്മാരായി വാർത്തെടുക്കുന്നതിൽ വായനക്കുള്ള പങ്കുവിളിച്ചോതുന്നു.

# വശീകരിക്കാനുള്ള ശ്രമങ്ങൾ

(2-ാം പേജ് തുടർച്ച)

ചിലയാളുകൾ തേജോവധം ചെയ്യാൻ ശ്രമിച്ചു. അവർ ചാൾസ് സ്പർജന്റെ ഓഫീസിൽ ചെന്ന് ചില ആവശ്യങ്ങൾ ഉന്നയിച്ചുവെങ്കിലും സ്പർജൻ അതിനു വഴങ്ങിയില്ല. തനിക്കെതിരെ കള്ളക്കഥകൾ പ്രസിദ്ധീകരിക്കുമെന്ന് അവർ ഭീഷണിപ്പെടുത്തി. "എന്നെക്കുറിച്ചുള്ള കാര്യങ്ങൾ ആകാശത്തോളം നിങ്ങൾ എഴുതിക്കൊള്ളുക.'' വിശുദ്ധനായ സ്പർജന്റെ മറുപടി ഇതായിരുന്നു.

**അത്തനേഷ്യസിന്റെ സാക്ഷ്യം**

ആദിമ സഭാ പിതാക്കന്മാരിൽ ഒരാളായിരുന്നു അത്തനേഷ്യസ്. യേശുക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള ദൈവശാസ്ത്ര ചിന്തയ്ക്ക് നാം കടപ്പെട്ടിരിക്കുന്നത് അത്തനേഷ്യസിനോടാണ്. ഒരിക്കൽ കുറച്ചുപേർ അത്തനേഷ്യസിനോട് പറഞ്ഞു. "അറിയാമോ, ചക്രവർത്തി താങ്കൾക്കെതിരാണ്, ബിഷപ്പുമാർ എതിരാണ്, സഭ എതിരാണ്, ലോകം ഒന്നടങ്കം താങ്കൾക്കെതിരാണ്."

"ശരി. ഞാനും സകല ലോകത്തിനും എതിരാണ്." ഇതായിരുന്നു അത്തനേഷ്യസിന്റെ മറുപടി.

കൗമാരപ്രായം തുടങ്ങി മുതിർന്ന പൗരനായി ജീവിതാന്ത്യംവരെ ദാനിയേൽ തന്റെ നിലപാടുകളിൽ ഉറച്ചു നിന്നു. നമ്മുടെ ജീവിതത്തിലും ദാനിയേലിന്റെ ഈ മാതൃക പിൻപറ്റിയാൽ നമുക്കും ദൈവകരങ്ങളിൽ ഉപയോഗപ്രദമാകാൻ കഴിയും.

ദൈവമേ, അങ്ങയുടെ ഹിതം പോലെ എന്നെ തകർക്കുകയും രൂപപ്പെടുത്തുകയും ചെയ്യണമെന്നും അങ്ങനെയെങ്കിൽ തിരുനാമ മഹത്വത്തിനായി ഉപയോഗപ്രദമായി മാറാമെന്നും നാം പ്രാർത്ഥിക്കുക.

എന്നാൽ സാഹചര്യങ്ങൾ പ്രതികൂലമായി മാറിയപ്പോൾ ദാനിയേൽ തന്റെ ആത്മീയ നിലപാട് മാറ്റിയില്ല. ഉറച്ച നിലപാടുകൾ നിമിത്തം പ്രതികൂലങ്ങളെ ദാനിയേൽ അതിജീവിച്ചു. "ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. നഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത ഇണയായിരിക്കുന്നു. അതുകൊണ്ട് ഭൂമി മാറിപ്പോയാലും, പർവ്വതങ്ങൾ കുലുങ്ങി സമുദ്ര മദ്ധ്യേ വീണാലും അതിലെ വെള്ളം ഇരച്ചുകലങ്ങിയാലും അതിന്റെ കോപം കൊണ്ട് പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല."(സങ്കീ. 46:1-3).

**വാട്ടർലൂ യുദ്ധം**

വാട്ടർലൂ യുദ്ധം നടക്കുമ്പോൾ നെപ്പോളിയൻ തന്റെ മുഖ്യ പട്ടാള ഉദ്യോഗസ്ഥനോട് പറഞ്ഞു. "നാം നമ്മുടെ കാലാൾപ്പടയെ ഇവിടെയും പീരങ്കപ്പടയെ മറ്റേ സ്ഥാനത്തും നിറുത്തുക. ഒടുവിൽ ഇംഗ്ലണ്ട് ഫ്രാൻസിന്റെ കാൽപ്പാദങ്ങളിൽ അടിയറവ് പറയും. വെല്ലിംഗ്ടൺ നെപ്പോളിയന് തടവുകാരനായി മാറും."

''മനുഷ്യൻ നിരൂപിക്കുന്നു എന്നാൽ ദൈവം നിശ്ചയിക്കുന്നു. (Man proposes and God disposes) എന്ന കാര്യം നാം മറന്നുപോകരുത്." പട്ടാള ഉദ്യോഗസ്ഥൻ നെപ്പോളിയനെ ഓർമ്മിപ്പിച്ചു. അഞ്ചടിയും രണ്ട് ഇഞ്ചും മാത്രമുള്ള കൃശഗാത്രനായ നെപ്പോളിയൻ സ്വതസിദ്ധമായ ഗൗരവത്തോടെ പറഞ്ഞത് ഇപ്രകാരമായിരുന്നു. "നെപ്പോളിയൻ നിരൂപിക്കുന്നു. നെപ്പോളിയൻ തന്നെ നിശ്ചയിക്കുന്നു. അതിനപ്പുറം ഒന്നുമില്ല."

എന്നാൽ വാട്ടർലൂ യുദ്ധത്തിൽ നെപ്പോളിയനും സംഘത്തിനും സംഭവിച്ചത് കനത്ത നഷ്ടമായിരുന്നു. അതേക്കുറിച്ച് വിക്ടർ ഹ്യൂഗോയുടെ അഭിപ്രായം ഇപ്രകാരമായിരുന്നു. "നെപ്പോളിയന്റെ അഭിപ്രായം വന്ന ഉടനെതന്നെ വാർട്ടലൂ നഷ്ടമായി. മഴയും കൽമഴയും ദൈവം അയച്ചു. അങ്ങനെ നെപ്പോളിയന്റെ തന്ത്രങ്ങൾ പാളി." നെപ്പോളിയൻ വെല്ലിംഗ്ടന്റെ തടവുകാരനായി മാറുകയും ഫ്രാൻസ് ഇംഗ്ലണ്ടിന്റെ കാലടികളിൽ വീഴുകയും ചെയ്തു.

നെപ്പോളിയൻ അഹങ്കാരിയും അക്രമണകാരിയും ആയിരുന്നുവെങ്കിലും ദൈവം അവനെ കീഴ്പ്പെടുത്തി തന്റെ കാൽക്കീഴിൽ കൊണ്ടുവന്നു.

ദാനിയേലിന് എളിമത്വം മുഖമുദ്രയായിരുന്നു. തന്റെ പ്രവൃത്തികൾ ലാളിത്യമുള്ളതായിരുന്നു. നിരവധി സ്വപ്നങ്ങളും ദർശനങ്ങളും വ്യാഖ്യാനിച്ചുവെങ്കിലും ഒരിക്കലും താനൊരു പ്രവാചകനാണെന്ന് അവകാശപ്പെട്ടില്ല.

## നിത്യതയിൽ



**ഫ്ളോറിഡ:** പാസ്റ്റർ ജോൺ സി. കോശിയുടെ ഭാര്യ അന്നമ്മ ജോൺ (അമ്മിണി-80) കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. പുന്തല താഴപ്പള്ളിൽ കുടുംബാംഗമാണ്. സംസ്കാര ശുശ്രൂഷ ജൂലൈ 12ന് ഐപിസി ലേക്ക്ലാന്റിൽ നടക്കും. മക്കൾ: ജോസ്, ജെസ്സി, മോൻസി, ഷാജി, റെജി. മരുമക്കൾ: ഡെയ്സി, അനിയച്ചൻ, ലിസി, സോഫീയ.

## അമ്മയ്ക്കൊപ്പം സ്കൂട്ടറിൽ സഞ്ചരിച്ച പെന്തെക്കോസ്ത് വിദ്യാർഥി കാർ ഇടിച്ചു മരിച്ചു



**കൂത്താട്ടുകുളം:** ദി പെന്തെക്കോസ്ത് മിഷൻ കൂത്താട്ടുകുളം സഭാംഗവും കൃഷി വകുപ്പ് ഫസ്റ്റ് ഗ്രേഡ് ഓവർസീയർ വടകര കല്ലോലിക്കൽ പുത്തൻപുരയിൽ കെ.ജെ.സണ്ണിയുടെ മകനുമായ ജോയൽ (16) ജൂലൈ 11 ന് അപകടത്തിൽ മരിച്ചു. അമ്മയോടൊപ്പം സ്കൂട്ടറിൽ പോകുമ്പോൾ പൈറ്റകുളത്ത് വെച്ച് ഇവർ സഞ്ചരിച്ചിരുന്ന സ്കൂട്ടറിൽ കാർ തട്ടുകയായിരുന്നു. റോഡിൽ തെറിച്ച് വീണ ഇരുവരെയും ഉടനെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജോയൽ മരണമടഞ്ഞു. വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് വൺ വിദ്യാർഥിയാണ്. ജോയലിന്റെ അമ്മ ജെസി (53) പരുക്കുകളോടെ ദേവമാതാ ആശുപത്രിയിൽ ചികിത്സയിലാണ്. സഹോദരൻ ജോൺസൻ. ജോയലിന്റെ പിതാവ് ടിപിഎം കൂത്താട്ടുകുളം സഭയിലെ സൺഡേസ്കൂൾ ഹെഡ്മാസ്റ്ററാണ്.

സംസ്കാരം പിറ്റേന്ന് വാളായിക്കുന്ന് പെന്തെക്കോസ്ത് മിഷൻ സഭാ സെമിത്തേരിയിൽ പാസ്റ്റർ ഡേവിഡിന്റെ നേതൃത്യത്തിൽ നടത്തി. പാസ്റ്റർമാരായ ബാബു, പോൾ രാജ് എന്നിവർ ശുശ്രൂഷയിൽ പ്രസംഗിച്ചു.

## പിസിഎൻഎകെ മയാമിയിൽ

(1-ാം പേജ് തുടർച്ച)

കമ്മറ്റികളിൽ പ്രവർത്തിച്ചിട്ടുണ്ട്. സൗത്ത് ഫ്ളോറിഡ ഐ.പി.സി. സഭാ ശുശ്രൂഷകനായ ഇദ്ദേഹം മികച്ച സംഘാടകനും, വേദാദ്ധ്യാപകനുമാണ്. ഭാര്യ: സാറാമ്മ. മക്കൾ: ഗ്രെയ്സ്, ആനി, ലിസ.

നാഷണൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ബ്രദർ വിജു തോമസ് ചർച്ച് ഓഫ് ഗോഡ് നാഷണൽ കോൺഫ്രൻസിന്റെ നാഷണൽ സെക്രട്ടറിയായി മൂന്നു തവണ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മികച്ച സംഘാടകനായ ഇദ്ദേഹം ന്യൂയോർക്ക് പെന്തെക്കോസ്തൽ യൂത്ത് ഫെലോഷിപ്പിന്റെയും, പെന്തെക്കോസ്തൽ യൂത്ത് കോൺഫ്രൻസ് ഓഫ് ഡാളസിന്റേയും, നേതൃത്വനിരയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഡെൽറ്റ എയർലൈനിൽ ജോലി ചെയ്യുന്ന ഇദ്ദേഹം ഡാളസ് മൗണ്ട് സയോൺ ചർച്ച് ഓഫ് ഗോഡ് സംഭാഗമാണ്. ഭാര്യ ലിസി. മക്കൾ: ലിൻഡ, ലിയാ, ലാൻസ്.

നാഷണൽ ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ബിജു ജോർജ്ജ് കൊല്ലം സ്വദേശിയും ടൊറാന്റോ സയോൺ ഗോസ്പൽ അസംബ്ലി സഭാംഗവുമാണ്. നിരവധി തവണ പെന്തെക്കോസ്തൽ കോൺഫ്രൻസിന്റെ ദേശീയ പ്രവർത്തക സമിതിയിൽ അംഗമായിട്ടുണ്ട്. ഭാര്യ സിസിലി. മക്കൾ: വെസ്ളി, ബ്രിറ്റ്നി, ബ്രാഡ്ലി.

നാഷണൽ യൂത്ത് ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട ഇവാ. ഫ്രാങ്കിളിൻ ഏബ്രഹാം ഒർലാൻഡോ ക്രിസ്ത്യൻ അസംബ്ലി അംഗവും സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ഡോ. ജോയി ഏബ്രഹാമിന്റെ മകനുമാണ്. അഡ്വെന്റിസ്റ്റ് ഹെൽത്ത് സിസ്റ്റത്തിന്റെ ഇന്റേണൽ ഓഡിറ്റർ ആയി ജോലി ചെയ്യുന്നതിനോടൊപ്പം വേദവിദ്യാർത്ഥി കൂടിയാണ്. ഭാര്യ ജോയിസ്. മക്കൾ: ഏരിയൽ, സയോൺ, സൈലസ്.

നാഷണൽ മീഡിയ കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട കുര്യൻ സഖറിയ ഒക്കലഹോമ ഐ.പി.സി. സഭാംഗവും സെന്റ് ആന്റണി ഹോസ്പിറ്റൽ സ്റ്റാഫുമാണ്. ഭാര്യ സിനി. മക്കൾ: ഏബൽ, ആൻ, അനെറ്റ്.

2020 ലെ 38 മത് പെന്തക്കോസ്തൽ കോൺഫ്രൻസ് ഫിലദൽഫ്യയിൽ വെച്ച് പാസ്റ്റർ റോബി മാത്യുവിന്റെ നേതൃത്വത്തിൽ നടക്കപ്പെടും.



## സ്നേഹ സ്പർശവുമായി വൈപിഇ

**കോട്ടയം:** വൈ.പി.ഇ. സംസ്ഥാന സമിതിയും കോട്ടയം സോണൽ കമ്മിറ്റിയും സംയുക്തമായി കാലവർഷം ദുരിതം വിതച്ച പ്രദേശങ്ങൾ സന്ദർശിക്കുകയും ഭക്ഷധാന്യങ്ങൾ വിതരണം നടത്തുകയും ചെയ്തു. ഹരിപ്പാട്, നീരേറ്റുപുറം, കാരയ്ക്കൽ, ഇല്ലിക്കൽ, കുമരകം, വൈക്കം, തിരുവാർപ്പ്, ചെല്ലാനം, അരൂർ, തോപ്പുംപടി തുടങ്ങിയ സ്ഥലങ്ങളിലാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയത്. വൈ.പി.ഇ. സംസ്ഥാന അധ്യക്ഷൻ പാസ്റ്റർ എ.ടി. ജോസഫ് സെക്രട്ടറി മാത്യു ബേബി, കോട്ടയം സോണൽ കോർഡിനേറ്റർ ബിനോ ഏലിയാസ് സെക്രട്ടറി വിനോദ് കുര്യൻ തുടങ്ങിയവർ നേതൃത്വം നൽകി. പാസ്റ്റർ ബെൻസ് എബ്രഹാം അജി കുളങ്ങര, സ്റ്റേറ്റ് ബോർഡ് അംഗങ്ങളായ പാസ്റ്റർമാരായ ബിനു ചെറിയാൻ, ഗ്ലാഡ്സൺ ജേക്കബ്, ഫിന്നി ജോസഫ്, വൈജുമോൻ, റെജി ടി. രാജു, ഡെന്നീസ് വർഗീസ്, ചാർളി വർഗീസ്, ജബ്ബേസ് സമുവേൽ തുടങ്ങിയവർ വിവിധ ഇടങ്ങളിൽ സന്ദേശങ്ങൾ നൽകി. പാസ്റ്റർ സിബി സമുവേൽ, പ്രേയിസൺ തങ്കച്ചൻ, ജെറിൻ സഖറിയ തുടങ്ങിയവർ ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിച്ചു.

## വിദ്യാഭ്യാസ സഹായ വിതരണം

**ചെറുവക്കൽ:** ഐ.പി.സി. വേങ്ങൂർ സെന്റർ സ്പോൺസർ മിനിസ്റ്റർ പാസ്റ്റർ സ്റ്റീഫൻ എബ്രഹാം, നൈജീരിയയുടെ സഹായത്താൽ ഈ വർഷവും ഐ.പി.സി. വേങ്ങൂർ, നിലമേൽ സെന്ററുകളിലെയും കിളിമാനൂർ ഏരിയായിലെയും 85-ൽ അധികം കർത്തൃദാസന്മാരുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം വിതരണം നടത്തുവാൻ ഇടയായി. മെയ് 26നു അസുരമംഗലം സഭയിൽ നടന്ന മാസയോഗത്തിൽ ജെ. ജോൺസന്റെ അദ്ധ്യക്ഷതയിൽ സാം സി. ഡാനിയേൽ വിതരണോദ്ഘാടനം നടത്തി. പാസ്റ്റർ ബിനുമോൻ എം., പാസ്റ്റർ പ്രസന്നൻ എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ കെ. ഷാജി, പാസ്റ്റർ ജിനു ജോൺ, പാസ്റ്റർ ജോൺസൺ എ. എന്നിവർ നേതൃത്വം നൽകി.

## രക്തദാനം പുണ്യദാനം!

(3-ാം പേജ് തുടർച്ച)

ണം. പൾസ്റേറ്റ് 60 നും 100 നും മദ്ധ്യേ. ശരീരോഷ്മാവ് സാധാരണ ഗതിയിലായിരിക്കണം.

**4. രക്തപരിശോധനകൾ**

രക്തഗ്രൂപ്പ്, ഹീമോഗ്ലോബിൻ, ആർ.എച്ച്., എച്ച്ഐ.വി., എച്ച്.ബി. എസ്.എ.ജി., എച്ച്.സി.വി., വി.ഡി. ആർ.എൽ./ആർ.പി.ആർ., മലേറിയ തുടങ്ങിയ പരിശോധനകൾ. അതായത് മലേറിയ, സിഫിലസ്, എച്ച്. ഐ.വി., ഹെപ്പറ്റൈറ്റിസ് ബി., സി എന്നീ രോഗങ്ങളുടെ പരിശോധനകളാണ് പ്രധാനമായും ചെയ്യുന്നത്.

**രക്തം സ്വീകരിക്കൽ**

നമ്മുടെ ശരീരഭാരത്തിന്റെ ഏകദേശം 8% രക്തത്തിന്റെ ഭാരമാണ്. ആരോഗ്യമുള്ള ഒരാളുടെ ശരീരത്തിൽ ശരാശരി അഞ്ചര ലിറ്റർ രക്തമുണ്ടാകും. ഇതിൽ നിന്ന് 450 മി. ലിറ്റർ വരെ മാത്രമാണ് ഒരു തവണ എടുക്കുന്നത്. ശുചിത്വവും, സുരക്ഷിതവുമായ ഉപകരണങ്ങളാണ് രക്തസ്വീകരണത്തിന് ഉപയോഗിക്കുന്നത്. രക്തദാന പ്രകിയ വേദനരഹിതമാണ് എന്നുകൂടി ഓർക്കുക. ശേഖരിക്കുന്ന രക്തം 35 ദിവസം വരെ കേടുകൂടാതെ സൂക്ഷിക്കാം. 4-6 ഡിഗ്രി സെൽഷ്യസിൽ പ്രത്യേക സംവിധാനമുള്ള ഫ്രിഡ്ജിലാണ് സൂക്ഷിക്കുന്നത്.

രക്തദാനത്തിനുശേഷം അരമണിക്കൂറോളം വിശ്രമിക്കുക. ദ്രാവകരൂപത്തിലുള്ള പാനീയങ്ങൾ ധാരാളം കുടിക്കുക. രക്തദാനം ചെയ്ത ഉടൻ ലിഫ്റ്റ് ഉപയോഗിക്കാതിരിക്കുക. രക്തദാനത്തിനുശേഷം സാധാരണ ജോലികൾ 12 മണിക്കൂറിനുശേഷമേ ചെയ്യാവൂ. വളരെ ചുരുക്കം പേർക്ക് തരിപ്പ്, തലചുറ്റൽ, തലകറക്കം എന്നിവ അനുഭവപ്പെടാം. ധാരാളം വെള്ളം കുടിച്ച് അതിനെ തടയാം.

**രക്തദാനം കൊണ്ടുള്ള നേട്ടങ്ങൾ**

നമ്മുടെ ശാരീരിക-മാനസിക-ആത്മീയ രംഗങ്ങളിൽ വർദ്ധിതമായ നേട്ടം നൽകുന്ന ഒന്നാണ് രക്തദാനം. രക്തം ദാനംചെയ്യുമ്പോൾ ദാതാവിന്റെ ശരീരത്തിൽ നിന്ന് നഷ്ടമാകുന്ന രക്തം ശരീരം ഉടനെ തന്നെ നിർമ്മിക്കുന്നതിനാൽ ഇവരുടെ രക്തക്കുഴലിലൂടെ ഒഴുകുന്ന രക്തം ഏറ്റവും പുതിയതും ആരോഗ്യമുള്ളതു മായിരിക്കും. കൂടാതെ രക്തദാതാവിന്റെ രക്തം നിർമ്മിക്കുന്ന സിസ്റ്റം മറ്റുള്ളവരേക്കാൾ ഊർജ്ജസ്വലമായിരിക്കും. കാരണം പുതിയ രക്താണുക്കൾ രൂപപ്പെടുന്നു. പുതിയ രക്തകോശങ്ങളും രൂപപ്പെടുന്നു.

രക്തം സ്വീകരിക്കുന്നതിനു മുമ്പ് ഡോക്ടർമാർ ആരോഗ്യസംബന്ധമായ പരിശോധനകൾ നടത്തുന്നതിനാൽ പല രോഗങ്ങളും കണ്ടെത്താൻ സഹായിക്കുന്നു. ഇതുവഴി മെഡിക്കൽ ചെക്കപ്പ് നടത്തിയ ഗുണം ലഭിക്കുന്നു. അതും സൗജന്യമായി. ഏകദേശം 1500 രൂപയോളം ചെലവുവരുന്ന ചെക്കപ്പുകളാണ് സൗജന്യമായി ലഭിക്കുന്നത്.

രക്തദാനം ചെയ്യുന്നവരിൽ ഹൃദ്രോഗം കുറഞ്ഞു കാണുന്നതായും അവരുടെ ആയുസ്സും ആരോഗ്യവും വർദ്ധിക്കുന്നതായും കണക്കുകൾ പറയുന്നു. ശരീരത്തിലെ അയൺ ബാലൻസ് നിലനിർത്താൻ രക്തദാനം സഹായിക്കുന്നു. ഹാർട്ട് അറ്റാക്ക്, അർബുദം, പക്ഷാഘാത സാധ്യതകൾ കുറയ്ക്കാനും രക്തദാനം സഹായിക്കുന്നു. കൂടാതെ രക്തത്തിലെ തോത് നിയന്ത്രിക്കുന്നതുവഴി രക്തസമ്മർദ്ദം നിയന്ത്രിക്കാനും രക്തദാനം സഹായിക്കും. കൊളസ്ട്രോൾ തോത് നിലനിർത്താനും നിയന്ത്രിക്കാനും രക്തദാനം സഹായിക്കും.

**രക്തദാന ദിനം**

രക്തദാതാക്കളെ ഔദ്യോഗികമായി ആദരിച്ചില്ലെങ്കിലും അവരെ നന്ദിയോടെ സ്മരിക്കുന്നതിനുള്ള ദിവസമാണ് ജൂൺ 14. അന്നാണ് അന്താരാഷ്ട്ര രക്തദാനദിനമായി ആചരിക്കുന്നത്. 1900-ാമാണ്ടിലെ പ്രശസ്ത കണ്ടുപിടുത്തമായ രക്ത ഗ്രൂപ്പുകൾ ലോകത്തിനു മുമ്പിൽ അവതരിപ്പിച്ച കാൾ ലാൻഡ്സ്റ്റയ്നർ എന്ന ജർമ്മൻ ശാസ്ത്രജ്ഞന്റെ ജന്മദിനമാണന്ന്. മനുഷ്യന്റെ ആരോഗ്യചരിത്രത്തിലെ സുപ്രധാന കണ്ടുപിടുത്തങ്ങളിലൊന്നാണ് രക്തഗ്രൂപ്പുകൾ. എ, ബി, എബി.ഒ., എന്നിവയാണ് പ്രധാന ഗ്രൂപ്പുകൾ, ഉപഗ്രൂപ്പുകൾ വേറെയുമുണ്ട്. മുഖ്യരക്തഗ്രൂപ്പുകളെ പോസിറ്റീവ്, നെഗറ്റീവ് എന്നിങ്ങനെ വീണ്ടും തിരിച്ചിട്ടുണ്ട്.

**പുണ്യമീ ദാനം**

ജീവൻ പകരുകയാണ് ഓരോ രക്തദാനത്തിലൂടെയും ദാതാവ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ പുണ്യമാണ് ഈ ദാനം. ജാതി-മത-രാഷ്ട്രീയ ചിന്തകൾക്കതീതമായി സഹജീവികളെ സഹായിക്കാനുള്ള വലിയ സാധ്യതയാണ് രക്തദാനം ഒരുക്കുന്നത്. ആരോഗ്യകരമായ ഒരു ജീവിതശൈലി രൂപപ്പെടുത്താൻ ഇത് ഉപകരിക്കും. സഹജീവികൾക്ക് പുനർജന്മം നൽകുക എന്നതിലൂടെ ഈശ്വര സായൂജ്യം തന്നെയാണ് നാം ആർജ്ജിക്കുന്നത്. ഒരു പരീക്ഷണശാലയിലും നിർമ്മിക്കാൻ കഴിയാത്ത രക്തം ദാനമെന്ന വലിയ കർമ്മത്തിലൂടെ മാത്രമേ പകർന്നുകൊടുക്കാൻ കഴിയൂ. അതിനാൽ രക്തദാനം എന്നത് അമൂല്യമായ ദാനം തന്നെയാണ്.

ഇന്നും രക്തം വില്ക്കുന്നവർ ധാരാളമുണ്ട്. മദ്യപാനാസക്തിയുള്ളവർ, മനോരോഗമുള്ളവർ, മയക്കുമരുന്നിന് അടിമയായവർ എന്നിവരൊക്കെ രക്തം വിറ്റ് കാശാക്കി ഈ മഹത്തായ ദാനത്തെ വികൃതമാക്കുന്നവരാണ്. ഇങ്ങനെയുള്ളവരെ നിരുത്സാഹപ്പെടുത്തുക തന്നെ വേണം.

**നമുക്കും രക്തദാതാക്കളാകാം.**

സന്നദ്ധ രക്തദാനം ജീവിതവ്രതമായി നമുക്കു ശീലിക്കാം. സ്ഥിരമായി മൂന്നു മാസത്തിലൊരിക്കൽ നമുക്കും രക്തദാനം ചെയ്യാം. പിറന്നാൾ, വിവാഹവാർഷികം, ജീവിതത്തിലെ അവിസ്മരണീയ നിമിഷങ്ങൾ എന്നിവയെല്ലാം രക്തം ദാനം ചെയ്തുകൊണ്ട് ആഘോഷിക്കാം.

ഒരു സന്നദ്ധരക്തദാനകലണ്ടർ ഉണ്ടാക്കി മുടങ്ങാതെ രക്തദാനം ശീലമാക്കാം. കോളേജുകളിലും, ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, സംഘടനകളിലും രക്തദാന സേന രൂപീകരിച്ച് സജീവമായി പ്രവർത്തിക്കണം. മറ്റുള്ളവരെയും പ്രത്യേകിച്ച് ബന്ധുക്കളേയും, സുഹൃത്തുക്കളേയും രക്തദാനം ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കണം. ഇനി നമ്മുടെ നാട്ടിൽ ആർക്കും രക്തദൗർലഭ്യത്താൽ ജീവഹാനി സംഭവിക്കാതിരിക്കട്ടെ.

ഈ പുണ്യദാനത്തെ ജീവിതാവസാനത്തോളം പുണരുക തന്നെ വേണം.



# അഗ്മ വോയ്സ് പ്രകാശനം ചെയ്തു

**തിരുവല്ല :** അസംബ്ളീസ് ഓഫ് ഗോഡ് വേൾഡ് മലയാളി മീഡിയ അസോസിയേഷന്റെ (അഗ്മ) വാർത്താപത്രിക 'അഗ്മ വോയ്സ്' പ്രകാശനം പാസ്റ്റർ ഫിന്നി ജോർജ് നിർവ്വഹിച്ചു. പാസ്റ്റർ രാജു ആനിക്കാട് പ്രഥമ പ്രതി ഏറ്റുവാങ്ങി. അഗ്മ ജനറൽ പ്രസിഡന്റ് പാസ്റ്റർ ഡി. കുഞ്ഞുമോൻ അധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ പി.എം. സാമുവൽ, ബ്ലസൻ ചെറിയനാട്, ഫിന്നി പി. മാത്യു, കെ.എസ്. സാമുവൽ എന്നിവർ ആശംസയറിയിച്ചു. ചീഫ് എഡിറ്റർ മാത്യു പാലത്തുങ്കൽ അഗ്മ വോയ്സിനെ സദസിനു പരിചയപ്പെടുത്തി. പാസ്റ്റർ ജോൺ എബ്രഹാം പബ്ലീഷറായും സണ്ണി ഇലഞ്ഞിമറ്റം, ജോയ് നെടുംകുന്നം, പാസ്റ്റർ ജോയി മുളയറ, പാസ്റ്റർ അനീഷ് എം. ഐപ്പ് എന്നിവർ എഡിറ്റേഴ്സായും പ്രവർത്തിക്കുന്നു. പാസ്റ്റർമാരായ ഷാജി ആലുവിള, പോൾ മാള, ടി.വി.ജോർജുകുട്ടി, സജി ചെറിയാൻ, കെ.കെ. എബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകി.




# എജി മീഡിയ അസോസിയേഷൻ യുഎസ് ചാപ്റ്റർ ഉദ്ഘാടനം ചെയ്തു

**ന്യൂയോർക്ക്** : അസംബ്ളീസ് ഓഫ് ഗോഡ് വേൾഡ് മലയാളി മീഡിയ അസോസിയേഷൻ യു.എസ്. ചാപ്റ്റർ ഉദ്ഘാടനം ജൂൺ 29 ന് റോച്ചസ്റ്ററിൽ നടന്നു. 22–ാമത് അസംബ്ളീസ് ഓഫ് ഗോഡ് ഇന്ത്യ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്ക കോൺഫറൻസിൽ വച്ച് പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ ചാപ്റ്റർ ഉദ്ഘാടനം ചെയ്തു. അഗ്മ വോയിസിന്റെ യു.എസ്. പതിപ്പിന്റെ പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു. ഹാർവസ്റ്റ് ടിവി സി.ഇ.ഒ. ബ്രദർ ബിബി ജോർജ് ചാക്കോ പ്രഥമ പ്രതി ഏറ്റുവാങ്ങി. അഗ്മ വൈസ് പ്രസിഡന്റ് ബ്രദർ ബിനോയി ഫിലിപ്പ് കരുമാങ്കൽ നേതൃത്വം നൽകി. അഗ്മ അഡ്വൈസറി ബോർഡ് അംഗം ബ്രദർ വൈ. ഡാനിയേൽ, വൈസ് പ്രസിഡന്റ് ബ്രദർ ബിനോയി ഫിലിപ്പ് കരുമാങ്കൽ എന്നിവരുടെ ചുമതലയിൽ വിപുലമായ പ്രവർത്തനങ്ങൾ നടക്കും.

## ലക്ഷ്യബോധത്തോടെ ഉയരങ്ങളെ കീഴടക്കുക: പാസ്റ്റർ വർഗീസ് മത്തായി

**ആയൂർ:** ലക്ഷ്യബോധവും സമർപ്പണവും ദൈവവിശ്വാസവും കൊണ്ട് ഉയരങ്ങളെ കീഴടക്കാൻ കഴിയുമെന്ന് ഐപിസി ആയൂർ ഡിസ്ട്രിക് പ്രസിഡന്റ് പാസ്റ്റർ വർഗ്ഗീസ് മത്തായി പറഞ്ഞു. ഓടനാവട്ടം ഐപിസി ഹെബ്രോൺ സഭാഹാളിൽ ജൂൺ 30 ന് കൂടിയ ആയൂർ ഡിസ്ട്രിക്ട് മാസയോഗത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. പാസ്റ്റർമാരായ രാജൻ തോമസ് റൂർക്കി, ബിജു ബേബി, കെ.റ്റി. ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. പ്ലസ് ടുവിന് എല്ലാ വിഷയങ്ങൾക്കും എ.പ്ലസ് വാങ്ങിയ കുട്ടികളെ സാമുവേൽ യോഹന്നാൻ ക്യാഷ് അവാർഡ് നൽകി ആദരിച്ചു.


VISITING VISA

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.

GLOBAL CARE

Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281


# ന്യൂ ടെസ്റ്റ്മെന്റ് ചർച്ച്

(1–ാം പേജ് തുടർച്ച)

ഒക്കലഹോമ, വാഷിംഗ്ടൺ, കാനഡ, മെക്സിക്കോ തുടങ്ങി അമേരിക്കയിലെ സഭയുടെ 40 പ്രാദേശിക സഭകളിലെ നൂറിലധികം ശുശ്രൂഷകരും മൂവായിരത്തിൽപരം വിശ്വാസികളും പങ്കെടുത്തു. 29 പേർ ജലസ്നാനം സ്വീകരിച്ചു.

കൂടുതൽ ആളുകൾ കൺവൻഷനിൽ പങ്കെടുക്കുന്നതിനു വേണ്ടിയാണ് ഇക്കുറിയും ഇന്ത്യാനായൂണിവേഴ്സിറ്റി ഓഫ് പെൻസൽവേനിയയിലെ കോവൽചിക്ക് കൺവൻഷൻ സെന്ററിൽ നടത്തിയത്. ന്യൂജേഴ്സി ന്യൂയാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നോർത്ത്, സൗത്ത് അമേരിക്ക, ആഫ്രിക്ക, പാപാനൂഗിനിയ തുടങ്ങിയ അമേരിക്കൻ ഐക്യനാടുകളിലെ ന്യൂ ടെസ്റ്റ്മെൻറ് ചർച്ചിന്റെ മുഖ്യ ചുമതല വഹിക്കുന്ന പാസ്റ്റർ ഗ്രെഗ് വിൽസൺ രാജ്യാന്തര കൺവൻഷന് മുഖ്യനേതൃത്വം നൽകി.

അപ്പൊസ്തലിക പ്രതിഷ്ഠയും വിശ്വാസ ജീവിതവുമായി തൃശൂർ ജില്ലയിലെ ഏങ്ങണ്ടിയൂരിൽ ജനിച്ച രാമൻകുട്ടി എന്ന പാസ്റ്റർ പോൾ 1924ൽ ശ്രീലങ്കയിൽ സിലോൺ പെന്തെക്കോസ്ത് മിഷൻ എന്ന പേരിൽ സ്ഥാപിച്ച സഭയാണ് ഇന്ന് അമേരിക്കൻ ഐക്യനാടുകളിൽ ന്യൂ ടെസ്റ്റ്മെന്റ് ചർച്ച് എന്ന പേരിൽ അറിയപ്പെടുന്നത്. പെന്തെക്കോസ്ത് മിഷൻ സഭ വിവിധ രാജ്യങ്ങളിൽ വിവിധ പേരുകളിലാണ് അറിയപ്പെടുന്നത്. ചീഫ് പാസ്റ്റർ എൻ. സ്റ്റീഫൻ, ഡപ്യൂട്ടി ചീഫ് പാസ്റ്റർ ഏബ്രഹാം മാത്യു, അസോസിയേറ്റ് ഡപ്യൂട്ടി ചീഫ് പാസ്റ്റർ ജി. ജെയം എന്നിവരാണ് സഭയെ നയിക്കുന്നത്. സഭയുടെ കേരളത്തിലെ ആസ്ഥാന മന്ദിരം കൊട്ടാരക്കരയിലും ഇന്ത്യയിൽ ചെന്നൈ ഇരുമ്പല്ലിലൂരിലും ശ്രീലങ്കയിൽ മട്ടകുളിയിലും അമേരിക്കയിൽ ന്യൂയാർക്കിലുമാണ്. സഭയുടെ രാജ്യാന്തര കൺവൻഷൻ നടക്കുന്നതും പുതിയ ശുശ്രൂഷകരെ തിരഞ്ഞെടുക്കുന്നതും ഇവിടങ്ങളിലാണ്.

*ചാക്കോ കെ. തോമസ്*

## ഉപവാസ പ്രാർത്ഥന

**ആയൂർ:** ഐപിസി ആയൂർ ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ ചെറുവള്ളൂർ ഹാളിൽ ജൂലൈ 24നു ഉപവാസപ്രാർത്ഥന നടന്നു. പാസ്റ്റർ വർഗീസ് മത്തായി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ ബിനു. പി. ബാബു, അനൂബ് പന്തളം എന്നിവർ പ്രസംഗിച്ചു. പാസ്റ്റർമാരായ പി.ഐ. ഏബ്രഹാം, ജോർജ് രാജൻ, കെ.റ്റി. ഫിലിപ്പ്, അജീഷ് ജോൺ എന്നിവർ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകി.

## മഴക്കെടുതി സഹായവുമായി ആപ്കോൺ

**അബുദാബി:** കേരളത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ പ്രളയ മഴയെ തുടർന്ന് ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമായി ആപ്കോണും രംഗത്ത്. ആലപ്പുഴ ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷണകിറ്റുകൾ വിതരണം ചെയ്തതായി അബുദാബിയിലെ പെന്തെക്കോസ്തു സഭകളുടെ ഐക്യവേദിയായ അബുദാബി പെന്തെക്കോസ്ത് ചർച്ചസ് കോൺഗ്രിഗേഷൻ (APCCON) സെക്രട്ടറി സാം സക്കറിയ ഈപ്പൻ അറിയിച്ചു.



## കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

# വിധി പറയുന്നവർ

തമ്മനത്ത് മീൻവിറ്റ് ഉപജീവനം കഴിച്ചുവന്ന ഹനാൻ എന്ന പെൺകുട്ടിയെ സിനിമാ പ്രമോഷന്റെ ഭാഗമായി നടത്തിയ പ്രചരണം ആണെന്ന് ആരോപിച്ച് സോഷ്യൽ മീഡിയ ഗുണ്ടകൾ ആക്രമിക്കുകയും പിന്നീട് തെറ്റുതിരുത്തി മാപ്പുപറയുകയും ചെയ്തത് സമകാലികസംഭവമാണ്. ഒരാളെ മാനസികമായി തകർത്തു തരിപ്പണമാക്കി യാതൊരു ദാക്ഷണ്യവുമില്ലാതെ ആക്രമിച്ച് നീചവും നികൃഷ്ടവുമായ വാക്കുകൾ ഉപയോഗിച്ച് ഒരു പെൺകുട്ടിയെ ആക്രമിക്കുകയും അവർ തളർന്നു വീഴുകയും ചെയ്യുന്ന സാഹചര്യത്തിൽ അക്രമികൾ പറയുന്ന 'മാപ്പ്' മാപ്പർഹിക്കുന്നില്ല.

ജീവിതസമരത്തിൽ ആ പെൺകുട്ടി സാഹചര്യത്തോടു പൊരുതി ജയിക്കുകയായിരുന്നു. കരളലിയിക്കുന്ന ജീവിതകഥയാണ് അവളുടേത്. മദ്യപാനിയായ അപ്പൻ ഉപേക്ഷിച്ചുപോയി. എട്ടാംക്ലാസ് മുതൽ സ്വന്തമായി അധ്വാനിച്ച് ജീവിക്കുന്നവൾ; പഠിക്കാൻ സമർഥ. ഡോക്ടർ ആകണമെന്ന മോഹവുമായി ജീവിതനെരിപ്പോടിൽ വെന്തെരിയുന്നവൾ. മാനസികരോഗിയായ അമ്മ, ഈശ്വരൻ കനിഞ്ഞ് അനുഗ്രഹിച്ചു നൽകിയ കലാവാസന ഹൃദയത്തിൽ സൂക്ഷിക്കുന്നവൾ, ആരോടും തുറന്നു സഹകരിക്കുന്ന വിശാലമനസ്സ്. അഭിമാനത്തോടെ ജീവിക്കാൻ ഏതു തൊഴിലും സ്വീകരിക്കാം എന്നു ജീവിതംകൊണ്ട് തെളിയിച്ചവൾ... ഒരുവേള തളർന്നുപോയി!

ആ കുഞ്ഞു മനസ്സ് പിടഞ്ഞു... അക്രമകാരികൾ സോഷ്യൽ മീഡിയയിൽ അഴിഞ്ഞാടി.

ഇവിടെ ആര് ആരോടു പറയാൻ, ക്രൂശിക്കപ്പെടുന്ന നിരപരാധികൾ ഏറിവരുന്നു.

കാര്യത്തിന്റെ നിജസ്ഥിതി അറിയാതെ വിമർശനത്തിന്റെ ശരവുമായി അഴിഞ്ഞാടുന്നവർ, പെന്തെക്കോസ്തുകാർ എന്ന് അഭിമാനിക്കുന്ന നമ്മുടെ ഇടയിലും വർധിച്ചുവരുന്നു. എത്രയെത്ര ജീവിതങ്ങളെ നാം കൊന്നുകൊലവിളിക്കുന്നു. ആത്മികർ എന്നു നാം നടിക്കുന്ന പലരും തട്ടിവിടുന്ന വാചകക്കസർത്തുകൾ കേട്ടാൽ നാം അറിയാതെ തലതാഴ്ത്തിപ്പോകും. ലോകമനുഷ്യർ പറയാൻ മടിക്കുന്ന വാക്കുകൾ നാം എത്ര നിസാരമായാണു പറഞ്ഞുവിടുന്നത്. നിസാരസംഗതികളെ പൊടിപ്പും തൊങ്ങലുംവെച്ച് അവതരിപ്പിക്കുന്നതിൽ നാം മിടുമിടുക്കന്മാരാണ്. അസത്യങ്ങൾ പലപ്രാവശ്യം പറഞ്ഞ് സത്യമാകുന്നു. നമ്മുടെ വാക്കുകളും ആശയങ്ങളും സഹജീവികളെയും സഹവിശ്വാസികളെയും തകർക്കാനാണു നാം ഉപയോഗിക്കുന്നതെങ്കിൽ ദൈവത്തിന്റെ നീതിന്യായകോടതിയുടെ മുൻപിൽ കണക്കുബോധിപ്പിച്ചേ മതിയാകൂ. ഏതു നിസാരവാക്കിനും കണക്കുകൊടുക്കണം.

സോഷ്യൽമീഡിയകൊണ്ട് പാപംചെയ്യാതിരിപ്പാൻ, ഞാൻ എന്റെ മൊബൈലിനെ സൂക്ഷിക്കുമെന്നും, ദുഷ്ടൻ എന്റെ മുൻപിലിരിക്കുമ്പോൾ എന്റെ മൊബൈൽ സ്വിച്ച് ഓഫ് ചെയ്തു കടിഞ്ഞാണിട്ടു സൂക്ഷിക്കുമെന്നും തീരുമാനമെടുക്കാം. ആരെങ്കിലും ഫെയ്സ്ബുക്കിൽ ഒരു പോസ്റ്റിട്ടാൽ നമ്മുടെ മനസാക്ഷിയോട് ഒന്നു സംസാരിച്ചശേഷം കമന്റിടാൻ ശ്രമിക്കുക. കൊല്ലാൻ എളുപ്പമാണ്, വളർത്താൻ വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. വാളുകൊണ്ട് കുത്തുംപോലെ മൂർച്ചയായി സംസാരിക്കുന്നവർ ഉണ്ട്, ജ്ഞാനിയുടെ നാവോ സുഖപ്രദം (സദൃ. 12: 18). തക്കസമയത്തു പറയുന്ന വാക്കുകൾ വെള്ളിത്താലത്തിൽ പൊൻനാരങ്ങ പോലെയാണ്.

വാക്കുകൾ നമ്മെ ചതിക്കരുത്. ഹൃദയത്തിന്റെ വാതിൽ സാത്താനുവേണ്ടി തുറന്നിടരുത്. ഹൃദയവിചാരങ്ങളുടെ കടിഞ്ഞാൺ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്താലാകട്ടെ. ഏതിനും എന്തിനും പെട്ടെന്നു പ്രതികരിക്കരുത്. മനഃസാക്ഷിയുടെ കോടതിയിൽ ആദ്യം വിധിക്കപ്പെടട്ടെ.

ഒരു കൊച്ചു പെൺകുട്ടിയോട്, സമൂഹമാധ്യമങ്ങൾ കാണിച്ച ക്രൂരത അതിദാരുണമായിരുന്നെങ്കിലും മറുവശത്ത് നല്ലവരായ ജനങ്ങൾ ഉണ്ടെന്നുള്ളത് ഒരു ശുഭസൂചനകൂടെയാണ്. അവളുടെ കണ്ണീരൊപ്പാൻ സ്നേഹത്തിന്റെ കരസ്പർശവുമായി സഹായിക്കാൻ കൈനീട്ടിനിൽക്കുന്ന നൂറുകണക്കിനാളുകൾ. നമ്മെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന അനേകർ നമുക്കുചുറ്റുമുണ്ട്. ആർദ്രതയും മനസ്സലിവും വറ്റിപ്പോകാത്തവർ ഇനിയും അവശേഷിക്കുന്നുണ്ട്. അന്തിമവിജയം അവർക്കുള്ളതാണ്. സത്യമേ ജയിക്കൂ.

## തിരുവല്ല വെസ്റ്റ് യുപിഎഫ് ബൈബിൾ ക്ലാസ്

**ചാത്തങ്കേരി:** തിരുവല്ല വെസ്റ്റ് യുപിഎഫിന്റെ ബൈബിൾ ക്ലാസ് ഗസ്റ്റ് 4,5 തീയതികളിൽ വൈകിട്ട് 6.30നു ചാത്തങ്കേരി ശാരോൻ ഫെലോഷിപ്പ് ചർച്ച് ഹാലിൽ നടന്നു.

ശാരോൻ ഫെലോഷിപ്പ് ചർച്ച് തിരുവല്ല വെസ്റ്റർ സെന്റർ പാസ്റ്റർ കെ. ജോണിക്കുട്ടി ഉദഘാടനം ചെയ്തു. യുപിഎഫ് ചെയർമാൻ പാസ്റ്റർ സാം പി. ജോസഫ് അധ്യക്ഷത വഹിച്ചു.

യേശുക്രിസ്തുവിന്റെ ദൈവത്വം, മനുഷ്യത്വം എന്നീ വിഷയത്തിൽ പാസ്റ്റർ അനിൽ കൊടിത്തോട്ടം ക്ലാസെടുത്തു.

CHRISTIAN WORLD

Address
Christian World, Manganam P.O.,
Kottayam - 686 018, Kerala
Email: christianworldpathram@gmail.com
REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2018-2020
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില രൂ. 10/- Vol: 13 Issue No: 8 2018 August 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ

# 'ഒന്നായ് പാടാം യേശുവിനായി' പ്രവർത്തക സമിതിക്ക് രൂപമായി

**തിരുവല്ല:** ആധുനിക പെന്തക്കോസ്തിന്റെ വളർച്ചയിൽ നവതാളം കണ്ടെത്തിയ പഴയ പാട്ടുകളുടെ ദൃശ്യാവിഷ്കാരം ഒരുക്കുന്ന "ഒന്നായ് പാടാം യേശുവിനായി" മെഗാ സംഗീത സമ്മേളനത്തിന്റെ പ്രവർത്തക സമിതിക്ക് രൂപമായി.

2018 ഡിസംബർ 25 ചൊവ്വാഴ്ച വൈകിട്ട് തിരുവല്ല പബ്ലിക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന മെഗാ സംഗമത്തിൽ 1000 സംഗീതജ്ഞർ വേദിയിൽ ഉണ്ടാകും. ലക്ഷം ശ്രോതാക്കളെ പ്രതീക്ഷിക്കുന്ന മെഗാ ഇവന്റായിട്ടാണ് ഇതിനെ രൂപപ്പെടുത്തുന്നത്.

പാസ്റ്റർ ഡോ. കെ.സി. ജോൺ പ്രസിഡന്റായും എൻ.എം. രാജു ചെയർമാനുമായ വിപുലമായ സമിതിയ്ക്കാണ് രൂപം നൽകിയിരിക്കുന്നത്. എല്ലാ സഭകളുടെയും പ്രസിഡന്റുമാരും ഓവർസിയർമാരും രക്ഷാധികാരികളാണ്.

മറ്റ് ഭാരവാഹികൾ: ജനറൽ കൺവീനർ (മ്യൂസിക്) - ഭക്തവത്സലൻ, ജനറൽ കൺവീനർ - റ്റി.എം. മാത്യു, സെക്രട്ടറി - ജോജി ഐപ്പ് മാത്യൂസ്, കൺവീനർമാർ - ബിന്നി മാത്യു, ബിനു വടശേരിക്കര. ജനറൽ കോ-ഓർഡിനേറ്റർ- പാസ്റ്റർ ജെ. ജോസഫ്, ജോയിന്റ് കോർഡിനേറ്റർമാർ - കെ. ഏബ്രഹാം, പാസ്റ്റർ ജോസ് അതുല്യ, പാസ്റ്റർ റോയി പൂവക്കാല. ട്രഷറർ - ബിജു വർഗീസ്, പ്രയർ കമ്മിറ്റി - പാസ്റ്റർ ജോൺ മാത്യു, പാസ്റ്റർ എം.കെ. കരുണാകരൻ. പബ്ലിസിറ്റി - പാസ്റ്റർ അലക്സ് ജോൺ, മീഡിയ - പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ, റിസപ്ഷൻ - പാസ്റ്റർ സാം പി. ജോസഫ്, അക്കോമൊഡേഷൻ - പാസ്റ്റർ പി. അതിരൂപൻ, വിജിലൻസ് - അജി കുളങ്ങര, രജിസ്ട്രേഷൻ - പാസ്റ്റർ പി.എം. സാമുവൽ, പന്തൽ, ലൈറ്റ് & സൗണ്ട് - ബിനു ജോസഫ്, വോളിന്റിയേഴ്സ് - പാസ്റ്റർ ലിജോ കെ. ജോസഫ്, പാസ്റ്റർ സോവി മാത്യു & പി.വൈ.സി., ട്രാൻസ്പോർട്ടേഷൻ - പാസ്റ്റർ ഷിബു കെ. മാത്യു, ഫുഡ്- ജോസഫ് പി സൈമൺ, ആരോഗ്യം - ഡോ. ഐസക് സൈമൺ, ലേഡീസ് വോളന്റിയേഴ്സ് - ജിൻസി സാം & പി.ഡബ്ല്യു.സി, ഫൈനാൻസ് - പാസ്റ്റർ കെ.എ. ഉമ്മൻ, പബ്ലിക്ക് റിലേഷൻ - പാസ്റ്റർ ജിജി ചാക്കോ, പ്രമോഷണൽ മീറ്റിങ് - പാസ്റ്റർ റ്റി.റ്റി. ജേക്കബ്, സി.ഡി. പ്രമോഷൻ - ജോഷി സാം മോറിസ്, വിവിധ സബ് കമ്മറ്റികൾക്ക് ജോയിന്റ് കൺവീനർമാരെയും തിരഞ്ഞെടുത്തു.

യോഗത്തിൽ പി.സി.ഐ. നാഷണൽ വൈസ് പ്രസിഡന്റ് പാസ്റ്റർ ജെ. ജോസഫ് അധ്യക്ഷത വഹിച്ചു. ഐ.പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ.സി. ജോൺ, ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ്, എൻ.എം. രാജു, ഭക്തവത്സലൻ, സാംസൺ കോട്ടൂർ, ബിന്നി മാത്യു, ബിനു വടശേരിക്കര, ജോജി ഐപ്പ് മാത്യൂസ്, ജോൺ മാത്യു എന്നിവർ പ്രസംഗിച്ചു.



'ഒന്നായ് പാടാം യേശുവിനായി' പ്രവർത്തക സമിതി രൂപീകരണ സമ്മേളനത്തിൽ ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ.സി. ജോൺ പ്രഭാഷണം നടത്തുന്നു. പാസ്റ്റർ ഭക്തവത്സലൻ, പാസ്റ്റർ ജെ. ജോസഫ്, എൻ.എം. രാജു, ജോസ് അതുല്യ എന്നിവർ സമീപം.

## ഒന്നായ് പാടാം ഒഡീഷൻ ടെസ്റ്റ്

**തിരുവല്ല:** ഒന്നായ് പാടാം യേശുവിനായി മെഗാ സംഗീത പ്രോഗ്രാമിൽ പങ്കെടുക്കാനുള്ള പാട്ടുകാരെ ഓഗസ്റ്റിൽ തിരഞ്ഞെടുക്കും. ഇതിനായി പ്രത്യേക അപേക്ഷ ഫോം തയ്യാറാക്കിയിട്ടുണ്ട്. മഞ്ഞാടിയിലുള്ള പി.സി.ഐ ഓഫീസിൽ നിന്ന് നേരിട്ടും ഒന്നായ് പാടാം യേശുവിനായി എന്ന ഫെയ്സ് ബുക്ക് പേജിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്തും ഓഗസ്റ്റ് 15 ന് മുൻപ് പി.സി.ഐ സെൻട്രൽ ഓഫീസ്, പി.ബി. നമ്പർ 39, മഞ്ഞാടി പി.ഒ, തിരുവല്ല - 5 എന്ന വിലാസത്തിൽ അയക്കണം. ഫോൺ: 7829344049, 9446392303.

# വൈപിഇ പാമ്പാടി സെന്റർ പ്രവർത്തന ഉദ്ഘാടനം നടത്തി

**മണർകാട്:** ചർച്ച് ഓഫ് ഗോഡ് പാമ്പാടി സെന്റർ വൈ.പി.ഇ 2018-2019 വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും, വേദപഠന ക്ലാസ്സുകളുടെ ആരംഭവും ജൂലൈ 15 ഞായറാഴ്ച പാമ്പാടി സെൻറർ പാസ്റ്റർ പാ. ജേക്കബ് തോമസ് നിർവഹിച്ചു. വൈ.പി.ഇ സെന്റർ സെക്രട്ടറി ബ്രദർ ജാമിൻ കെ. ആൻഡ്രൂസ് അധ്യക്ഷനായിരുന്നു. പാസ്റ്റർ സുനിൽ സക്കറിയ ഗാനശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർ സാം ഈശോ വചനത്തിൽ നിന്നും സംസാരിച്ചു.

സെന്ററിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ദൈവദാസൻമാരും, കുട്ടികളും യുവജനങ്ങളും മാതാപിതാക്കൻമാരും പങ്കെടുത്തു. വിവിധ പരിപാടികളുടെ വിജയത്തിനായി ബ്രദർ ജാമിൻ കെ. ആൻഡ്രൂസ് സെക്രട്ടറിയായും ബ്രദർ സോണി ഫ്രാൻസിസ് ജോ. സെക്രട്ടറി ആയുള്ള 18 അംഗ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

# പാസ്റ്റേഴ്സ് എൻറിച്ച്മെൻറ് കോഴ്സ്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരള സ്റ്റേറ്റിലെ ശുശ്രൂഷകർക്കായി ആരംഭിച്ച പാസ്റ്റേഴ്സ് എന്റിച്ച്മെന്റ് കോഴ്സിന്റെ രണ്ടാം ബാച്ചിലെ ക്ലാസ്സുകൾ ഓഗസ്റ്റ് ആദ്യ ആഴ്ചയിൽ ആരംഭിക്കുന്നതാണ്. രണ്ട് മാസത്തെ ക്ലാസ്സുകളാണ് ക്രമീകരിക്കുന്നത്. ബൈബിൾ കോളേജുകളിൽ പഠിക്കുവാൻ അവസരം ലഭിച്ചിട്ടില്ലാത്ത ചർച്ച് ഓഫ് ഗോഡിലെ ശുശ്രൂഷകന്മാർ എല്ലാവരും നിർബന്ധമായും ഈ കോഴ്സിൽ ചേർന്ന് പഠിക്കേണ്ടതാണ്. തിങ്കൾ മുതൽ വ്യാഴം വരെയുള്ള ദിവസങ്ങളിൽ പകലും വൈകുന്നേരവും ക്ലാസ്സുകൾ ഉണ്ടായിരിക്കും. അതു കൊണ്ട് പഠനത്തിനായി കോഴ്സിൽ ചേരുന്നവർ മുളക്കുഴയിൽ താമസിച്ച് പഠിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9446532838, 9447455820.



കുരുവിള സൈമൺ



സോണി സി. ജോർജ്



സഖറിയ സി. ഗോഡ്ലി

# പാസ്റ്റർ കുരുവിള സൈമൺ കർണാടക യുപിഎഫ് യൂത്ത് വിങ് പ്രസിഡന്റ്

ചാക്കോ കെ തോമസ് ബെംഗളൂരു

**ബെംഗളൂരു:** കർണാടകയിലെ പെന്തെക്കോസ്ത് ശുശ്രൂഷകരുടെയും വിശ്വാസികളുടെയും ആത്മീയ സംഘടനയായ കർണാടക യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ യുവജന സംഘടനയായ കെ യു പി എഫ് യൂത്ത് വിങ് സംസ്ഥാന പ്രസിഡന്റായി പാസ്റ്റർ കുരുവിള സൈമൺ (സണ്ണി), പാസ്റ്റർ ജേക്കബ് ഫിലിപ്പ് (ബിജു) (വൈസ് പ്രസിഡന്റ്), സോണി സി. ജോർജ് പുന്നവേലി (സെക്രട്ടറി), ബൈജു (ജോയിന്റ് സെക്രട്ടറി), സഖറിയ സി. ഗോഡ്ലി (ട്രഷറർ), പാസ്റ്റർ ലാൻസൻ പി. മത്തായി (രക്ഷാധികാരി ) എന്നിവരെയും 17 എക്സിക്യൂട്ടിവ് കമ്മറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു.

കെ യു പി എഫ് കൗൺസിൽ അംഗങ്ങളായ പാസ്റ്റർ ടി.ഡി. തോമസ്, ഡോ. കെ.വി. ജോൺസൻ, പാസ്റ്റർ സി.ജി. ബാബൂസ്, പാസ്റ്റർ കെ.വി. ജോസ്, ജോയ് പാപ്പച്ചൻ എന്നിവരുടെ നേതൃത്വത്തിൽ ബാനസവാഡി ശീലോഹാം ഫുൾ ഗോസ്പൽ ചർച്ച് ഹാളിലായിരുന്നു തെരഞ്ഞെടുപ്പ് .

കർണാടകയിലെ വിവിധ പെന്തെക്കോസ്ത് സഭകളിലെ യുവജനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് സഭകൾ തമ്മിൽ ഐക്യതയോടെ വിവിധ സാമൂഹിക പ്രവർത്തനങ്ങൾ ചെയ്ത് കൊണ്ട് യേശുക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുകയെന്നതാണ് ലക്ഷ്യമെന്ന് പ്രസിഡന്റ് പാസ്റ്റർ കുരുവിള സൈമൺ പറഞ്ഞു.

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ പുതിയ നിയമനങ്ങൾ നടത്തി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റിന്റെ ചില ഡിപ്പാർട്ടുമെന്റുകളിലേക്ക് പുതിയ നിയമനം നടന്നു. പാസ്റ്റർമാരായ റ്റി.എം മാമച്ചൻ മിഷൻ ബോർഡ് ഡയറക്ടറായും, തോമസ്കുട്ടി ഏബ്രഹാം സണ്ടേസ്കൂൾ ഡയറക്ടറായും, സജി ജോർജ് പ്രയർസെൽ ഡയറക്ടറായും, റ്റി.എ. ജോർജ് ഇവാഞ്ചലിസം ഡയറക്ടറായും, ക്രിസ്റ്റഫർ റ്റി. രാജു ക്രഡൻഷ്യൽ ബോർഡ് ഡയറക്ടറായുമാണ് നിയമിതരായത്. കൂടാതെ ദൈവസഭയുടെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി കേരളാ സ്റ്റേറ്റിൽ 5 പുതിയ മേഖലകൾ രൂപീകരിച്ച് പാസ്റ്റർമാരായ ജോസ് ബേബി വലിയതുറ തെക്കൻ മേഖല, തോമസ് എം പുളിവേലിൽ തീരദേശ മേഖല, വൈ ജോസ് ഹൈറേഞ്ച് മേഖല, ജോൺ ജോസഫ് മലബാർ മേഖല, ജോൺസൻ ജോർജ് അങ്കമാലി നോർത്ത് മലബാർ മേഖല എന്നിവയുടെ ചുമതല നൽകി കൊടുത്തു. രണ്ടു വർഷത്തേക്കാണ് നിയമനമെന്ന് ഓവർസിയർ അറിയിച്ചു.

# ബെംഗളൂരുവിൽ അമ്മമാരുടെ പ്രാർഥനാ സമ്മേളനം ആഗസ്റ്റ് 7ന്

**ബെംഗളൂരു:** കർണാടകയിലെ പെന്തെക്കോസ്ത് സഹോദരിമാരുടെ ഐക്യ കൂട്ടായ്മയായ യുണൈറ്റഡ് പെന്തെക്കോസ്ത് ലേഡീസ് പ്രയർ ഫെലോഷിപ്പിന്റെ (യു പി എൽ പി എഫ്) പ്രാദേശിക സംഘടനയായ മദേഴ്സ് പ്രെയർ മൂവ്മെന്റ് ആഭിമുഖ്യത്തിൽ ബാംഗ്ലൂരിലെ പെന്തെക്കോസ്ത് വിശ്വാസികളായ അമ്മമാർക്കായി ആഗസ്റ്റ് 7ന് ഏകദിന ആത്മീയ സമ്മേളനം നടത്തുന്നു.

ഹൊറമാവ് അഗര ക്രിസ്ത്യൻ കോളേജിന് സമീപം ഇമ്മാനുവേൽ പ്രെയർ ഹൗസിൽ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ഫുൾ ഗോസ്പൽ) രാവിലെ 9.30 മുതൽ 3 വരെ നടക്കുന്ന സമ്മേളനം കർണാടക സ്റ്റേറ്റ് ചർച്ച് ഓഫ് ഗോഡ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ഇ.ജെ. ജോൺസൻ ഉദ്ഘാടനം ചെയ്യും. യു പി എൽ പി എഫ് സെക്രട്ടറി ഡോ. ജ്യോതി ജോൺസൻ അദ്ധ്യക്ഷയായിരിക്കും. സിസ്റ്റർ പൊന്നമ്മ സാം കൊട്ടാരക്കര പ്രസംഗിക്കും.

അമ്മ കേൾക്കേണ്ടതും അറിയേണ്ടതും മക്കൾക്ക് വേണ്ടി ചെയ്യേണ്ട കാര്യങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി സിസ്റ്റർ ഗിരിജ സാം കോട്ടയം പ്രത്യേക അവതരണം നടത്തും. പാസ്റ്റർ വിജേഷ് കുമാറിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടത്തും. പുതുതലമുറയിലെ മക്കളെ ആത്മീയരായി വളർത്തണമെന്ന ആഗ്രഹത്തോടെ യു പി എൽ പി എഫ് സ്ഥാപക പ്രസിഡന്റായ സിസ്റ്റർ മേഴ്സി മണി 2015ൽ ഒരു കൂട്ടം അമ്മമാരുമായി ആരംഭിച്ച പ്രാർഥന കൂട്ടായ്മയാണ് ഇന്ന് കേരളത്തിലും ഗൾഫ് രാജ്യങ്ങളിലുമായി 17ൽ പരം ആത്മീയ സമ്മേളനം നടത്തിയ മദേഴ്സ് പ്രെയർ മൂവ്മെന്റ്.

വിവിധ ക്രൈസ്തവ പെന്തെക്കോസ്ത് സഭകളിലെ അമ്മമാർ പങ്കെടുക്കുന്ന സമ്മേളനത്തിന് അമ്മമാരായ മേഴ്സി മണി, സുനിലാ വർഗീസ് എന്നിവർ നേതൃത്വം നൽകും.

Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode